VACHANAM
BOOKS

ഡോ. മുഹ്സിൻ
മുഹമ്മദ് സ്വാലിഹ്



# ഫലസ്തീൻ പ്രശ്നം

## മൗലിക വസ്തുതകൾ

വിവർത്തനം
ഫസ്ലുർറഹ്മാൻ കൊടുവള്ളി

# ഫലസ്തീൻ പ്രശ്നം
# മൗലിക വസ്തുതകൾ

# ഫലസ്തീൻ പ്രശ്നം
# മൗലിക വസ്തുതകൾ

ഡോ. മുഹ്സിൻ മുഹമ്മദ് സ്വാലിഹ്

മൊഴിമാറ്റം

**ഫസ്ലുർറഹ്മാൻ കൊടുവള്ളി**

**വചനം ബുക്സ്**

മാവൂർ റോഡ്, കോഴിക്കോട് – 4

Phone : 0495-2722424, 8714403424, 9946343424

www.vachanambooks.com

Palestine Prashnam Moulika Vasthuthakal
(Malayalam)

by
**Dr. Muhsin Muhammed Swalih**

Translated by
**Faslurahman Koduvally**

Rights Reserved

Published by
**Vachanam Books**
Noor Complex, Mavoor Road
Kozhikode-673004
www.vachanambooks.com
vachanambks@gmail.com

First Edition: July 2024
ISBN : 978-93-84355-76-0

Cover : Nasar Eramangalam
Layout : Mahin

Printed in India at Printout Villa, Calicut

Price: ₹ **120.00**

# ആമുഖം

ഫലസ്തീൻ പ്രശ്നത്തെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലും അടിസ്ഥാന വസ്തുതകളെയും സ്ഥിതി വിവരക്കണക്കുകളെയും അധികരിച്ചും സംക്ഷിപ്ത രീതിയിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഈ ലഘു കൃതി, ഫലസ്തീൻ പ്രശ്നം ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുപേക്ഷണീയമെന്ന് ഗ്രന്ഥകാരൻ കരുതുന്ന വിവരങ്ങളും വസ്തുതകളും അടിസ്ഥാന കാര്യങ്ങളും സങ്കൽപങ്ങളുമാണീ കൃതി ഉൾക്കൊള്ളുന്നത്. വിശദാംശങ്ങൾ ഒഴിവാക്കിയുള്ള, ചെറുതും അതീവ സംക്ഷിപ്തവുമായ ലഘു പുസ്തകം. അവതരിപ്പിക്കുന്ന വസ്തുതകൾക്ക് അടിസ്ഥാനമായി ഗ്രന്ഥകാരൻ ആധികാരികവും വിശ്വസനീയവുമായ ശാസ്ത്രീയ ഉറവിടങ്ങൾ മാത്രമാണ് അവലംബിച്ചിട്ടുള്ളത്. ഗ്രന്ഥനാമത്തിലെ 'അടിസ്ഥാന വസ്തുതകൾ' എന്നതുകൊണ്ട് അന്തിമമായ സത്യങ്ങൾ എന്ന അർഥമില്ല. മനുഷ്യപരിശ്രമമെന്ന നിലയിൽ, അബദ്ധങ്ങൾക്ക് സാധ്യതയുണ്ടല്ലോ. ഉപദേശങ്ങൾക്കും പരിഷ്കരണ നിർദേശങ്ങൾക്കുമുള്ള വാതിൽ തുറന്നിടുകയും ചെയ്യുന്നു.

കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ ഈ ലഘു കൃതിയുടെ എണ്ണമറ്റ പതിപ്പുകളുടെ പ്രസാധനത്തിനു ശേഷമുള്ളതാണ് ഈ പുതിയ പതിപ്പ്. 2020 വരെയുള്ള വസ്തുതകൾ ഉൾപ്പെടുത്തി പരിഷ്ക്കരിച്ച പതിപ്പാണിത്.

ഈ കൃതി പ്രസിദ്ധീകരിക്കാൻ സൗഭാഗ്യമേകിയതിന് സർവശക്തനായ ദൈവത്തോട് നന്ദി പറയുന്നു. പുസ്തകത്തിന്റെ ലക്ഷക്കണക്കിന് അറബി കോപ്പികളാണ്, ഈജിപ്ത്, യു എ ഇ, കുവൈത്ത്, ലബനാൻ, ജോർദാൻ, മൊറോക്കോ, മലേഷ്യ എന്നിവിടങ്ങളിലായി അച്ചടിക്കപ്പെട്ടത്. ഫ്രഞ്ച്, ജർമൻ, സ്വാഹിലി, ഉർദു, ബഹസ മലായ്,

ഇന്തോനേഷ്യൻ, അൽബേനിയൻ, കുർദിഷ്, തുർക്കിഷ്, പേർഷ്യൻ, തത്താർ, തായ് തുടങ്ങി നിരവധി ഭാഷകളിലേക്ക് കൃതി ഇതിനകം മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി.

**-ഡോ. മുഹ്സിൻ മുഹമ്മദ് സ്വാലിഹ്**

# വിവർത്തകക്കുറിപ്പ്

ഇസ്രായേലും ഫലസ്തീനും തമ്മിൽ വീണ്ടും യുദ്ധമാരംഭിച്ച 2023 ഓക്ടോബർ 7 ന് ശേഷമാണ് ഉത്തരേന്ത്യയിൽ പി.ജി. സൈക്കോളജി വിദ്യാർഥിനിയായ മകൾ, എന്താണ് യഥാർഥത്തിൽ ഫലസ്തീൻ പ്രശ്നം എന്ന് എന്നോട് ചോദിക്കുന്നത്. സാമാന്യ ധാരണയുള്ള ആരെയും പോലെ, ഫലസ്തീനാണ് ശരി എന്ന് അവൾക്കും ബോധ്യമുണ്ട്. എന്നിട്ടും എന്താവും ഇങ്ങനെ ഒരു ചോദ്യം എന്ന് ഞാൻ ചിന്തിച്ചു. അവൾ പഠിക്കുന്ന യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾ ഫലസ്തീൻ വിഷയത്തിൽ നടത്തിയ വിചിത്ര വിശകലനങ്ങളായിരുന്നു ഇങ്ങനെയൊരു അന്വേഷണത്തിലേക്ക് അവളെ എത്തിച്ചത് എന്ന് സംസാരത്തിൽനിന്ന് മനസ്സിലായി. ഫലസ്തീനാണ് ശരി എന്ന സാമാന്യധാരണക്കപ്പുറം, എന്തുകൊണ്ടാണ് ഫലസ്തീൻ മാത്രം ശരിയും ഇസ്രായേൽ പൂർണ തെറ്റുമാകുന്നു എന്ന വസ്തുതക്കു പിന്നിലെ ചരിത്രപ്പൊരുൾ മകളടക്കം അധികപേർക്കും അറിയില്ല എന്നതാണ് സത്യം. ഫലസ്തീനുമായി ബന്ധപ്പെട്ട അടിസ്ഥാന ചരിത്രയാഥാർഥ്യങ്ങളും, നാൾവഴികളും വിശദീകരിച്ചു കൊടുത്തതോടെ തന്റെ സന്ദേഹങ്ങൾക്ക് വിരാമമായി എന്ന് പിന്നീട് അവളെന്നോടു പറഞ്ഞു.

ഫലസ്തീൻ പ്രശ്നത്തിലെ അടിസ്ഥാനപരവും പ്രാഥമികവുമായ ചരിത്ര വസ്തുതകൾ ലോകവ്യാപകമായി വിദ്യാർഥി യുവജനങ്ങളിലേക്കും പുതുരക്തങ്ങളിലേക്കും പകർന്നു നൽകുക എന്നതുതന്നെയാണ് ഫലസ്തീനോട് നീതി ചെയ്യാൻ നമ്മളെക്കൊണ്ടാകുന്ന ആദ്യവഴി. ഈ തിരുത്തലിലൂടെയേ ഫലസ്തീനെ പൊതിഞ്ഞു നിൽക്കുന്ന തെറ്റുധാരണയുടെയും അജ്ഞതയുടെയും പുകമറയെ തുടച്ചുമാറ്റാൻ സാധിക്കുകയുള്ളൂ.

സാമ്രാജ്യത്വവഞ്ചനയുടെ ആ ചരിത്രം ആവർത്തിച്ചു പറഞ്ഞു കൊണ്ടേയിരിക്കുക എന്നതാവണം നമ്മുടെ നയവും നിലപാടും. തെറ്റിദ്ധരിപ്പിക്കാനായി നടക്കുന്ന ആസൂത്രിത ശ്രമങ്ങൾക്കു മുന്നിൽ പതറാതിരിക്കുക എന്നതും പ്രധാനമാണ്.

നമുക്കറിയാവുന്നതു പോലെ ഫലസ്തീൻ-ഇസ്രായേൽ പ്രശ്നത്തിന് മുക്കാൽ നൂറ്റാണ്ടിലധികം പഴക്കമുണ്ട്. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് ഉൾപ്പെടെയുള്ള സാമ്രാജ്യത്വ ശക്തികളുടെ ആസൂത്രിത ഗൂഢാലോചനകളുടെയും കടുത്ത വഞ്ചനാ നിലപാടുകളുടെയും ഫലമായാണ് അറബികളുടെ സ്വന്തം മണ്ണിൽ ജൂതസയണിസ്റ്റുകൾക്കായി 'ഇസ്രായേൽ' എന്ന ഒരു വംശീയ രാഷ്ട്രത്തെ തല്ലിപ്പഴുപ്പിച്ചെടുത്തത്. തികച്ചും ഒരു ജാരപിറവിയായിരുന്നു അത്. 1896 ൽ 'യഹൂദരാഷ്ട്രം' എന്ന കൃതി പുറത്തിറക്കിയ തിയോഡർ ഹെർസൽ എന്ന ആസ്ട്രിയൻ പത്രപ്രവർത്തകനാണ് ജൂതവംശീയതയുടെ അടിത്തറയിൽ 'സയണിസം' എന്ന വിഷലിപ്ത ആശയത്തിന് ബീജാവാപം നൽകിയത്. 1897 ഓഗസ്റ്റിൽ സ്വിറ്റ്സർലണ്ടിലെ ബാസൽ നഗരത്തിൽ ഹെർസലിന്റെ നേതൃത്വത്തിൽ നടന്ന ആദ്യ സയണിസ്റ്റ് സമ്മേളനം യഹൂദ രാഷ്ട്രരൂപവൽക്കരണത്തിന്റെ പ്രായോഗിക മാർഗരേഖ മുന്നോട്ടുവെച്ചു. ഫലസ്തീൻ പ്രദേശത്ത് കുടിയേറ്റം ത്വരിതപ്പെടുത്താനും ഭൂമി കൈവശപ്പെടുത്താനും 'സെമിറ്റിക് വിരുദ്ധത' തങ്ങൾക്കനുകൂലമാക്കി മാറ്റിയെടുക്കാനുമുള്ള കുടില തന്ത്രങ്ങൾ ഈ സമ്മേളനത്തിന്റെ ബാക്കിപത്രമായിരുന്നു. 1914-ലെ ഒന്നാം ലോകയുദ്ധം ബ്രിട്ടൻ നേതൃത്വം നൽകിയ സഖ്യശക്തികളും ജർമനിയുടെ നേതൃത്വത്തിലുള്ള അച്ചുതണ്ട് ശക്തികളും തമ്മിലായിരുന്നു. മുസ്‌ലിം ഓട്ടോമൻ ഭരണകൂടത്തിന്റെ പിന്തുണ അച്ചുതണ്ട് ശക്തികൾക്കായിരുന്നെങ്കിൽ, ലോക ജൂതർ പിന്തുണച്ചത് ബ്രിട്ടൻ നയിക്കുന്ന സഖ്യകക്ഷികളെയായിരുന്നു. എക്കാലത്തെയും വലിയ സാമ്പത്തിക ശക്തിയായ ജൂത സമൂഹം ബ്രിട്ടന്റെയും സഖ്യശക്തികളുടെയും യുദ്ധാവശ്യങ്ങൾക്കായി ഭീമമായ സാമ്പത്തിക പിന്തുണയും സർവ നിലയിലുമുള്ള ലോജിസ്റ്റിക് സഹായങ്ങളും നൽകി. യുദ്ധം ജയിക്കുന്ന പക്ഷം പാരിതോഷികമായി ഫലസ്തീനിൽ ജൂതർക്ക് സ്വന്തമായി രാഷ്ട്രം നിർമിച്ചു നൽകണമെന്നതായിരുന്നു സയണിസ്റ്റ് നേതാക്കളും ബ്രിട്ടീഷ് പ്രധാനികളും തമ്മിലെ രഹസ്യധാരണ. യുദ്ധവിജയത്തോടെ ഓട്ടോമൻ ഭരണകൂടത്തിനു കീഴിലായിരുന്ന ഫലസ്തീൻ

ഉൾപ്പെട്ട പ്രദേശങ്ങൾ ബ്രിട്ടന്റെ അധീനതയിലായി. ജൂതരാഷ്ട്രത്തിനായി ബ്രിട്ടനുമേൽ സമ്മർദ്ദങ്ങൾ മുറുകി. 1917 നവംബർ 2 ന് ബ്രിട്ടീഷ് വിദേശകാര്യ മന്ത്രി ആർതർ ബാൽഫർ, ജൂതരാഷ്ട്ര രൂപീകരണത്തിന് ബ്രിട്ടന്റെ സമ്മതവും പിന്തുണയും അറിയിച്ചു കൊണ്ടുള്ള 'ബാൽഫർ പ്രഖ്യാപനം' നടത്തി. 1918 മുതൽ ജൂതർ ഫലസ്തീനിൽ കുടിയേറ്റങ്ങൾ ശക്തിപ്പെടുത്തി. ഭൂമി ബലംപ്രയോഗിച്ച് കയ്യേറി. തദ്ദേശീയരെ ആട്ടിപ്പുറത്താക്കി. അറബികൾ സ്വാഭാവികമായും പ്രതിരോധിച്ചു. അത് വലിയ സംഘർഷങ്ങളിലേക്കും വൻ കൂട്ടക്കൊലകളിലേക്കും നയിച്ചു. ചെറുത്തു നിന്നവരെ ബ്രിട്ടീഷ് സൈന്യം അതിക്രൂരമായി അടിച്ചമർത്തി. അറബികൾക്ക് ഒരേ സമയം സയണിസ്റ്റ് ഭീകരരെയും ബ്രിട്ടീഷ് സൈന്യത്തെയും നേരിടേണ്ടി വന്നു. 1929 ൽ ജൂത തീവ്രവാദികൾ മസ്ജിദുൽ അഖ്സ്വാ കയ്യേറി നാശനഷ്ടങ്ങൾ വരുത്തുകയും ബുറാഖ് മതിലിന് കേടുപാടുകൾ ഉണ്ടാക്കുകയും ചെയ്തു. പ്രകോപനങ്ങളും കൂട്ടക്കൊലകളും നിത്യ സംഭവങ്ങളായി. സംഘർഷം അവസാനിക്കണമെങ്കിൽ ഫലസ്തീൻ വെട്ടിമുറിച്ച് ജൂതർക്ക് രാഷ്ട്രം നിർമിക്കാൻ സ്ഥലം നൽകണമെന്ന് ബ്രിട്ടീഷ് അധികാരികൾ അറബ് നേതാക്കളെ ധരിപ്പിച്ചു. പ്രതീക്ഷിച്ചതുപോലെ, അസ്വീകാര്യമായ ആ നിർദേശം അറബികൾ തള്ളി. ജൂതരെക്കൂടി ഉൾക്കൊള്ളുന്ന ഏകീകൃത ഫലസ്തീൻ രാഷ്ട്രമായിരുന്നു അറബികളുടെ സ്വപ്നം. കൊണ്ടും കൊടുത്തും സംഘർഷങ്ങൾ പിന്നെയും തുടർന്നു. കുടിയേറ്റങ്ങൾ ശക്തിപ്പെട്ടു. 1917 ൽ 80 ശതമാനം മുസ്ലിംകളും, 11 ശതമാനം ക്രൈസ്തവരും, 6 ശതമാനം ജൂതരുമായിരുന്നു ഫലസ്തീനിലുണ്ടായിരുന്നത്. എന്നാൽ, 1947 ആയതോടെ ഫലസ്തീനിലെ ജൂത ജനസംഖ്യ 36 ശതമാനമായി ഉയർന്നു.

1947 നവംബർ 29 ന് ഫലസ്തീൻ വിഭജിക്കാൻ ഐക്യരാഷ്ട്ര സഭ തീരുമാനിച്ചു. തുടർന്നുണ്ടായ ഭൂമി വീതംവെപ്പിൽ പോലും തികഞ്ഞ അനീതിയാണ് കാണിച്ചുകൂട്ടിയത്. 56 ശതമാനം ഭൂമി ജൂതർക്കും, 43 ശതമാനം മുസ്ലിംകൾക്കും, ജറൂസലം ഉൾപ്പെടുന്ന ഒരു ശതമാനം ഭൂമി അന്താരാഷ്ട്ര നിരീക്ഷണത്തിലുമെന്ന നിലയിലായിരുന്നു വിഭജനം. ജൂതന്മാരുടെ വശം 5.6 ശതമാനം മാത്രമുണ്ടായിരുന്ന ഫലസ്തീനിലെ ഭൂമിയാണ് വിഭജനത്തിലൂടെ പത്തിരട്ടി വർധിച്ച് 56 ശതമാനമായി മാറിയത്. ഫലസ്തീനികളും അറബ് രാഷ്ട്രങ്ങളും സ്വാഭാവികമായും പ്രക്ഷോഭത്തിലേക്കും പോരാട്ടത്തിലേക്കും നീങ്ങി. എന്നാൽ

കയ്യിലുള്ള ബാക്കി ഭൂമി കൂടി ശത്രു കൈക്കലാക്കി എന്നതായിരുന്നു അതിന്റെ ഫലം. ബ്രിട്ടീഷ് ഭരണ പ്രതിനിധി ഫലസ്തീൻ വിട്ടുപോയ 1948 മെയ് 14ന് തന്നെ, ഇസ്രായേൽ രാഷ്ട്രം നിലവിൽ വന്നതായി സയണിസ്റ്റ് കൗൺസിൽ പ്രഖ്യാപിച്ചു. ജൂത രാഷ്ട്രത്തെ അറബികൾ മാത്രമല്ല നീതിബോധമുള്ളവരാരും അംഗീകരിച്ചില്ല. 'മാനവികതക്കെതിരായ കുറ്റകൃത്യം' എന്നാണ് ഗാന്ധിജി അതിനെ വിശേഷിപ്പിച്ചത്. 1948 മെയ് 15ന് ഒന്നാം അറബ് -ഇസ്രായേൽ യുദ്ധം ആരംഭിച്ചു. മുസ്‌ലിം ബ്രദർഹുഡിന്റെ ലക്ഷണമൊത്ത പതിനായിരം പോരാളികൾ അറബ് സേനയോടൊപ്പം ചേർന്നിരുന്നു. യുദ്ധാരംഭത്തിൽ തന്നെ അറബികൾക്ക് വ്യക്തമായ മേൽക്കൈ ഉണ്ടായി. ഇതോടെ ചകിതരായ ഇസ്രായേൽ നേതൃത്വം യു.എന്നിനെ സമീപിച്ച് 'ചർച്ചയിലൂടെ പരിഹരിക്കാം' എന്ന വ്യാജേന, നാലാഴ്ചത്തെ വെടിനിർത്തൽ നേടിയെടുത്തു. ചതിയെക്കുറിച്ച് ബ്രദർഹുഡ് സൂചന നൽകിയിരുന്നെങ്കിലും എപ്പോഴത്തെയും പോലെ യഹൂദ വഞ്ചന തിരിച്ചറിയുന്നതിൽ അറബ് നേതൃത്വം പരാജയപ്പെട്ടു. ഈ ഇടവേള, കൂടുതൽ യുദ്ധസജ്ജരാവാൻ ഇസ്രയേലിന് കരുത്തു നൽകി. യു.എസ് ഇടപെട്ട് എഴുപതിനായിരം വരുന്ന സൈന്യത്തെ സജ്ജീകരിച്ചൊരുക്കി. ശേഷം, വെടിനിർത്തൽ ലംഘിച്ച് ഏകപക്ഷീയമായി ഇസ്രായേൽ യുദ്ധം പുനരാരംഭിച്ചു. അവർക്കു തന്നെയായിരുന്നു നേട്ടം. തുടർന്ന് അറബികൾ വെടിനിർത്തലിനുവേണ്ടി യുഎന്നിനെ സമീപിച്ചെങ്കിലും ഇസ്രായേൽ വഴങ്ങിയില്ല. ഒടുവിൽ, അറബ് സൈന്യത്തോടൊപ്പമുള്ള പതിനായിരം വരുന്ന ബ്രദർഹുഡ് സേന തിരികെ ഈജിപ്തിലെത്തുമ്പോൾ, അവരെ ഭരണകൂടം അറസ്റ്റ് ചെയ്യണം എന്ന ഉപാധിയിന്മേലായിരുന്നു യുദ്ധ വിരാമത്തിന് ഇസ്രായേൽ സന്നദ്ധമായത്. ഈജിപ്തിന്റെയും അറബ് മേഖലയുടെ തന്നെയും രാഷ്ട്രീയരംഗം ഇളക്കി മറിച്ച സംഭവ പരമ്പരകൾക്കാണ് പ്രസ്തുത തീരുമാനം പിൽക്കാലത്ത് വഴിവെച്ചത്. 1967 ലെ രണ്ടാം അറബ്-ഇസ്രായേൽ യുദ്ധം (ആറു ദിന യുദ്ധം) അറബികൾക്ക് ദയനീയ പരാജയമാണ് സമ്മാനിച്ചത്. അറബ് സൈന്യത്തിന്റെ പോർവിമാനങ്ങളെ പറന്നുയരാൻ പോലും സമ്മതിക്കാതെ, ഇസ്രായേൽ സൈന്യം നേരം ഇരുട്ടി വെളുക്കുംമുമ്പേ തന്നെ അവക്കു മീതെ ബോംബ് വർഷിച്ച് മുച്ചൂടും നശിപ്പിച്ച് കളഞ്ഞു. ഈജിപ്തിന് സീനായ് മരുഭൂമിയും, സിറിയക്ക് ഗോലാൻകുന്നുകളും ജോർഡാന് പടിഞ്ഞാറൻ കരയും ഈ യുദ്ധ

ത്തിൽ നഷ്ടപ്പെട്ടു. പിന്നീട് അറബ് രാഷ്ട്രങ്ങൾ പലതും ഇസ്രായേലുമായി അനുരഞ്ജന ഉടമ്പടികൾക്ക് സന്നദ്ധമായി. ശേഷം പി.എൽ.ഒ മാത്രമായിരുന്നു ഇസ്രായേലിനോട് എതിരിട്ട് നിൽക്കാൻ ഉണ്ടായിരുന്നത്. പിന്നീട് പി.എൽ.ഒയും ഇസ്രായേലിനെ അംഗീകരിക്കുകയും അവരുമായി സമാധാന കരാറുകളിൽ ഒപ്പിടുകയും ചെയ്തു. കരാറുകളും ഉടമ്പടികളും ലംഘിച്ച് മാത്രം ശീലമുള്ള ഇസ്രായേലും സാമ്രാജ്യത്വ ശക്തികളും ഓസ്‌ലോ ഉൾപ്പെടെ നിരവധി ഉടമ്പടികളിൽ പി.എൽ.ഒയെ വലയിട്ട് കുരുക്കുകയായിരുന്നു. ഈ സൃഗാല സൂത്രം തിരിച്ചറിയുന്നതിൽ പക്ഷേ പി.എൽ.ഒയും അതിന്റെ നേതാക്കളും പരാജയപ്പെട്ടു. സയണിസ്റ്റ് രാഷ്ട്രത്തിനെതിരെ അറബ് -ഇസ്‌ലാമിക സമൂഹത്തിന്റെ അഭിമാനം വീണ്ടെടുത്ത പോരാട്ടങ്ങളിലൂടെ 1987 ൽ ശൈഖ് അഹ്മദ് യാസീന്റെ നേതൃത്വത്തിൽ ഉദയം കൊണ്ട ചെറുത്ത് നിൽപ് പ്രസ്ഥാനമായ ഹമാസും സമാന സംഘടനകളുമാണ് ഇന്ന് ഫലസ്തീൻ പോരാട്ടത്തെ യഥാർഥത്തിൽ പ്രതിനിധീകരിക്കുന്നത്. 'ഇൻതിഫാദ'യിലൂടെ തുടക്കമിട്ട ആ പോരാട്ട വീര്യം ഇസ്രായേലിന്റെ ഉറക്കം കെടുത്തി. ഒരു വേള, സന്ധികളിലൂടെയും ഒത്തുതീർപ്പുകളിലൂടെയും എന്നോ കുഴിച്ചുമൂടപ്പെടുമായിരുന്ന ഫലസ്തീൻ പ്രശ്നത്തെ ലോകത്തിന്റെ സജീവ ശ്രദ്ധയിലേക്ക് പുനരാനയിച്ചത് ചെറുത്തു നിൽപ് പ്രസ്ഥാനങ്ങളായിരുന്നു. സയണിസ്റ്റ് രാജ്യത്തിന്റെയും അവരുടെ സാമ്രാജ്യത്വ സാമന്തന്മാരുടെയും വ്യാഖ്യാനത്തിൽ, ഹമാസും അനുബന്ധ പ്രസ്ഥാനങ്ങളും ശുദ്ധ ഭീകരതയും തീവ്രവാദവുമാണ്. സ്വന്തം മണ്ണിൽ നിന്ന് അതിന്റെ യഥാർഥ അവകാശികളായ ഫലസ്തീനികളെ ബലാൽക്കാരം പുറത്താക്കി, അവരുടെ ഭൂമി കയ്യേറി സെറ്റിൽമെൻറുകൾ സ്ഥാപിക്കുന്നതും ഇരകൾ ചെറുത്തു നിൽക്കുമ്പോൾ അവരെ തോക്കിൻ മുനയിലോ തീതുപ്പുന്ന ഫൈറ്റർ വിമാനങ്ങളാലോ തീർത്ത് കളയുന്നതും തികഞ്ഞ 'സമാധാന' ചെയ്തിയായി ലോകം മൗനമായി അംഗീകരിക്കുന്ന കാഴ്ച കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടായി തുടർന്ന് പോരുന്നു. ഫലസ്തീനികളുടെ ദുർബലമായ പ്രതിരോധങ്ങൾ പോലും തങ്ങളുടെ സമാധാന ജീവിതത്തിന് ഭംഗം വരുത്തുകയാണെന്ന ഇസ്രായേലിന്റെ ഇരവാദ പ്രഘോഷണങ്ങൾ ഏറ്റുപിടിച്ച് സഹതാപ തരംഗം സൃഷ്ടിക്കുന്ന അൽപത്തത്തിലകപ്പെട്ടു പോയിരിക്കുന്നു സയണിസ്റ്റ് വംശീയ സ്റ്റേറ്റിന്റെ സംരക്ഷകരായ അമേരിക്കയും ചില പടിഞ്ഞാറൻ രാജ്യങ്ങളും.

2023 ഓക്ടോബർ 7 ഇസ്രായേൽ-ഫലസ്തീൻ സംഘർഷത്തിലെ അതിമനോഹരമായ ഒരു ഏടാണ്. 'തൂഫാനുൽ അഖ്സ്വാ' എന്ന് ഹമാസ് വിശേഷിപ്പിച്ച അന്നേ ദിവസത്തെ തിരിച്ചടി, ഇത:പര്യന്തം ഇസ്രായേൽ ഏൽക്കേണ്ടി വന്നതിൽ വെച്ച് ഏറ്റവും വലിയ പ്രഹരമായിരുന്നു. അപ്രതീക്ഷിതമായ ആ നീക്കം, ഇസ്രായേലിനെ അക്ഷരാർഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. വിശ്വഖ്യാതിയുള്ള ഇസ്രായേലിന്റെ ഇന്റലിജൻസ് സംവിധാനങ്ങളെയും, 'അയൺ ഡോമി'നെയും മറികടന്നുള്ള ആക്രമണം സയണിസ്റ്റ് രാജ്യത്തിന്റെ ചരിത്രത്തിലെ കൊടിയ അപമാനമായി. ആയിരത്തിലധികം സയണിസ്റ്റുകളുടെ മരണത്തിനും, ഒട്ടേറെ പേരെ ബന്ധിയാക്കുന്നതിനും അൽ അഖ്സ്വാ ഓപറേഷൻ വഴി വെച്ചു. അതിനെത്തുടർന്ന് ഗസ്സക്ക് മേൽ ഇസ്രായേൽ കണ്ണിൽ ചോരയില്ലാത്ത കൂട്ട നരമേധത്തിന് തുടക്കമിട്ടു. ഹമാസിനെ മുച്ചൂടും ഇല്ലാതാക്കുമെന്നായിരുന്നു പ്രഖ്യാപനം. ഇപ്പോൾ ഏഴുമാസത്തിനുള്ളിൽ തന്നെ കനത്ത ബോംബിംഗിലൂടെ കുഞ്ഞുങ്ങളടക്കം നാൽപതിനായിരത്തോളം ജീവനുകളെയാണ് ജൂതപ്പിശാചുക്കൾ ഇല്ലാതാക്കിയത്. വെടിനിർത്തലിനെപ്പറ്റി കപട വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കെത്തന്നെ, പൊടുന്നനെ റഫക്ക് നേരെ തിരിഞ്ഞതിലൂടെ ചതിയുടെ പാരമ്പര്യം തങ്ങൾ തലമുറ തലമുറ കൈമാറിപ്പോരുന്നുണ്ടെന്ന സന്ദേശമാണ് ഇസ്രായേൽ പ്രസരിപ്പിച്ചത്.

അതാണ് ഇസ്രായേൽ! ചോര മാത്രമേ അവരെ തൃപ്തിപ്പെടുത്തൂ. യുദ്ധ ഭാഷ മാത്രമേ അവർക്ക് മനസ്സിലാവൂ. മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, യൂറോപ്പടക്കമുള്ള ലോകരാജ്യങ്ങളിൽ നിന്ന് ഫലസ്തീൻ വിമോചനത്തിനായുള്ള ആരവങ്ങൾ ഉയർന്നു എന്നതാണ് ഫലസ്ത്വീൻ-ഇസ്രായേൽ യുദ്ധ ചരിത്രത്തിൽ 'തൂഫാനുൽ അഖ്സ്വ'ക്കു ശേഷം ദൃശ്യപ്പെട്ട വിസ്മയം. അമേരിക്കയിലെ വിശ്രുതമായ കൊളംബിയ സർവകലാശാല ഉൾപ്പെടെ ലോകമാകെയുള്ള അനേകം കാമ്പസുകൾ വിദ്യാർഥികളുടെ ഫലസ്തീൻ മുദ്രാവാക്യങ്ങളാൽ സമരവിക്ഷുബ്ധമായി. പോലീസ് വിദ്യാർഥികളെ കായികമായി നേരിടുകയും ആയിരങ്ങളെ തുറുങ്കിലടക്കുകയും ചെയ്തു. പക്ഷേ, പോരാട്ട വീര്യത്തിന് എവിടെയും അൽപം പോലും തീക്ഷ്ണത കുറഞ്ഞു കണ്ടില്ല.

ആധുനിക പുസ്തക പ്രസാധന ചരിത്രത്തിൽ ഫലസ്തീൻ പോലെ ഇത്രയധികം പരാമർശിക്കപ്പെട്ട ഒരു രാഷ്ട്രീയ വിഷയം വേറെയു

ണ്ടോ എന്നത് സംശയമാണ്. ചരിത്രവും, സംസ്കാരവും, കവിതയും, നോവലും, അനുഭവക്കുറിപ്പുകളും, യാത്രാവിവരണങ്ങളും, നാടകവും, ആത്മകഥകളുമടക്കം ലോകത്തെ പ്രധാനഭാഷകളിലൊക്കെ ദിനേന യെന്നോണം ഫലസ്തീൻ പഠനങ്ങളും, ഫലസ്തീൻ പുസ്തകങ്ങളു മൊക്കെ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ, ഫലസ്തീൻ സം ഘർഷത്തിന്റെ ചരിത്ര നാൾവഴികളിലെ നാൽപത് അടിസ്ഥാന യാ ഥാർഥ്യങ്ങളിലേക്ക് വെളിച്ചംവീശുന്ന കൃതിയാണ് പ്രശസ്ത അറ ബ് ഗ്രന്ഥകാരനും ഗവേഷകനുമായ ഡോ. മുഹ്സിൻ മുഹമ്മദ് സ്വാ ലിഹിന്റെ 'ഫലസ്തീൻ പ്രശ്നം: മൗലിക വസ്തുതകൾ' എന്ന ഈ ലഘു കൃതി. ഫലസ്തീൻ പ്രശ്നത്തിന്റെ അടിസ്ഥാന വസ്തുതകളി ലൂന്നി, സ്ഥിതിവിവരക്കണക്കുകൾ നിരത്തി ഇസ്‌ലാമിക വ്യാവഹാരി കതയുടെ പരിപ്രേക്ഷ്യത്തിൽ രചിച്ച കൃതിയാണിത്. പ്രഗത്ഭ അറബ് പണ്ഡിതനും ഗ്രന്ഥകാരനുമായ മർഹൂം ഡോ. മുഹമ്മദ് ഇമാറ പ്രഥ മ പതിപ്പിന്റെ അവതാരികയിൽ ഈ കൃതിയെ വിശേഷിപ്പിച്ചത് 'അമൂ ല്യം; അതീവ സംക്ഷിപ്തം' എന്നാണ്. ഫലസ്തീൻ വിഷയത്തിൽ പതിനഞ്ചോളം കനപ്പെട്ട പുസ്തകങ്ങളുടെ കർത്താവായ ഗ്രന്ഥകാര ന്റെ അഗാധ പരിജ്ഞാനം ഈ പുസ്തകത്തിൽ തെളിഞ്ഞു കാണാം. നാൽപതു ശീർഷകങ്ങളിലായാണ് വിഷയവിന്യാസം. ലബനാനിലെ 'അസ്സൈത്തൂൻ ഫോർ സ്റ്റഡീസ് ആന്റ് കൺസൾട്ടേഷൻ' 2021 ൽ അറബിയിൽ പ്രസിദ്ധീകരിച്ച 'ഹഖാഇഖ് വ സവാബിത് ഫിൽ ഖദി യ്യത്തിൽ ഫലസ്തീനിയ്യ:' എന്ന മൂലകൃതിയുടെ "Basic Facts on the Palestine issueAn Islamic perspective' എന്ന ഇംഗ്ലീഷ് പതിപ്പാണ് വിവർത്ത നത്തിന് ഉപയോഗപ്പെടുത്തിയത്. ഇതിന്റെ പ്രസാധകരായ 'വചനം' ബുക്സിന്റെ ഡയറക്ടർ അബ്ദുല്ലക്കോയ കണ്ണങ്കടവിനും, പരിഭാഷ യുടെ പരിശോധന നിർവഹിച്ച പത്രപ്രവർത്തകനും ഗ്രന്ഥകാരനും പശ്ചിമേഷ്യൻ വിഷയ വിദഗ്ധനുമായ സുഹൃത്ത് പി. കെ. നിയാസ് സാഹിബിനും സ്നേഹം, നന്ദി!

**ഫസ്‌ലുർറഹ്മാൻ കൊടുവള്ളി**

(25.05.2024)

## ഡോ.മുഹ്സിൻ മുഹമ്മദ് സ്വാലിഹ്

ജോർദാൻ പൗരത്വമുള്ള ഫലസ്തീനി ഗവേഷക പണ്ഡിതൻ. 1960 ൽ ഫലസ്തീനിലെ അൻബതയിൽ ജനനം. ഫലസ്തീൻ സ്റ്റഡീസ് സ്പെഷലിസ്റ്റ്. 1993-ൽ ഡോക്ടറേറ്റ് ലഭിച്ചു. മലേഷ്യൻ ഇന്റർനാഷണൽ ഇസ്ലാമിക് യൂനിവേഴ്സിറ്റിയിൽ ആധുനിക-സമകാലിക അറബ് ചരിത്രത്തിൽ പ്രൊഫസർ, ചരിത്ര, നാഗരിക പഠന വിഭാഗം മേധാവി, ജോർദാൻ തലസ്ഥാനമായ അമ്മാനിൽ പശ്ചിമേഷ്യൻ പഠന വിഭാഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ലിബിയയിലെ ട്രിപ്പോളി യൂനിവേഴ്സിറ്റിയിൽ കോളേജ് ഓഫ് ആർട്സ് ആന്റ് ഹ്യൂമാനിറ്റീസ് കൗൺസിലിന്റെ അക്കാദമിക് അഡ്വൈസർ തുടങ്ങി നിരവധി പദവികൾ വഹിച്ചു. ഫലസ്തീൻ വിഷയത്തിൽ മാത്രം പതിനഞ്ച് പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. 'ദ ഫലസ്തീൻ സ്ട്രാറ്റജിക് റിപ്പോർട്ട്' (12 വാള്യങ്ങൾ), 'ദ ഫലസ്തീൻ ഡോക്യുമെന്റ്സ്' (7 വാള്യങ്ങൾ), 'ദ ഫലസ്തീൻ ഡെയ് ലി ക്രോണിക്ക്ൾ' (8 വാള്യങ്ങൾ) അടക്കം 90 ലേറെ ഗ്രന്ഥ പരമ്പരകൾ എഡിറ്റ് ചെയ്തു. ഓൺലൈൻ വാർത്താപത്രികയായ 'ഫലസ്തീൻ റ്റു ഡെ'യുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. 1997 ൽ യുവ മുസ്ലിം പണ്ഡിതർക്കുള്ള ബൈത്തുൽ മുഖദ്ദസ് പ്രഥമ പുരസ്കാരവും, 2002 ൽ മലേഷ്യൻ ഇന്റർനാഷണൽ ഇസ്ലാമിക് യൂനിവേഴ്സിറ്റിയുടെ മികച്ച അദ്ധ്യാപകനുള്ള അവാർഡും നേടി. 2004 മുതൽ ബെയ്റൂത്തിലെ AlZaytouna Centre for Studies & Consultations ജനറൽ മാനേജറാണ്.

---

## ഫസ്ലുർറഹ്മാൻ കൊടുവള്ളി

1973 ൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളിയിൽ ജനനം. പിതാവ് യു.കെ. മുഹമ്മദ്. മാതാവ് എൻ.പി. ഫാത്തിമ. ശാന്തപുരം ഇസ്ലാമിയാ കോളേജ്, ചേന്ദമംഗല്ലൂർ ഇസ്ലാഹിയാ കോളേജ്, ലഖ്നൗ ദാറുൽ ഉലൂം നദ്വത്തുൽ ഉലമാ എന്നിവിടങ്ങളിൽ പഠനം. 'പ്രബോധനം' വാരികയുടെ സബ് എഡിറ്ററായി പ്രവർത്തിച്ചു (2000-2006). വിവർത്തനങ്ങളും സ്വതന്ത്ര രചനകളും ഉൾപ്പെടെ ഏഴ് കൃതികൾ പ്രസിദ്ധീകരിച്ചു. 2006 മുതൽ ഖത്തറിൽ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്നു. ഭാര്യ: നൂർസീന അബ്ദുൽ ഖാദർ. മക്കൾ: ഹനാ ഫസൽ, ഫഹ്മി ഫസൽ, ഹിൽമി ഫസൽ, അസ്മി ഫസൽ. മരുമകൻ ദുൽദുൽ സവാർ.

# പ്രസാധകവചനം

ലോകം ഫലസ്തീനെ ഇനിയും പഠിച്ചു കൊണ്ടേയിരിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് ഇന്ന് ഫലസ്തീനാണ്. ലോകത്ത് ഏറ്റവുമധികം പീഡനമനുഭവിക്കുന്ന ജനത ഇന്ന് ഫലസ്തീനികൾ തന്നെയാണ്. പോരാട്ടവീര്യത്തിന്റെ അൽഭുതക്കാഴ്ചകൾ ലോകത്തിന്ന് സമ്മാനിക്കുന്നതും അവർ തന്നെ. എണ്ണമറ്റ പുസ്തകങ്ങൾ വിവിധ ഭാഷകളിലായി ഇതു സംബന്ധമായി ഇറങ്ങിക്കഴിഞ്ഞു. 'ഫലസ്തീൻ പോരാട്ടങ്ങളുടെ ചരിത്രം' എന്ന ഡോ: മുഹ്സിൻ മുഹമ്മദ് സ്വാലിഹിന്റെ വളരെ പ്രശസ്തമായ ഒരു ബൃഹത് ചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന്റെ മുന്നോടിയായാണ് അദ്ധേഹത്തിന്റെ തന്നെ ഫലസ്തീൻ പ്രശ്നത്തിന്റെ നാൾവഴികളിലൂടെ ഒരോട്ട പ്രദക്ഷിണം നടത്തുന്ന ഈ ലഘു കൃതി കൂടി വചനമിറക്കുന്നത്. ഈ കൊച്ചു പുസ്തകം നിരവധി ഭാഷകളിൽ ഒട്ടനവധി പതിപ്പുകളിലായി വിവിധ രാജ്യങ്ങളിൽ ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ഡോ: മുഹ്സിൻ മുഹമ്മദ് സ്വാലിഹിന്റെ 'പലസ്തീൻ പ്രശ്നം മൗലികവസ്തുതകൾ' എന്ന ഈ  കൃതി ഫലസ്തീൻ പ്രശ്നത്തെ ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ അതിന്റെ ചരിത്ര നാൾ വഴികളിലൂടെ ഹ്രസ്വമായി മനസ്സിലാക്കാൻ എളുപ്പത്തിൽ കഴിയും വിധമാണ് അദ്ദേഹം രചിച്ചിട്ടുള്ള

ത്. എഴുത്തുകാരനും ഗ്രന്ഥകാരനുമായ ഫസ്ലുർറഹ്മാൻ കൊടുവള്ളിയാണ് പുസ്തകം ഇംഗ്ലീഷിൽനിന്നും മലയാള ത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്. പ്രശസ്ത പത്രപ്ര വർത്തകനും, എഴുത്തുകാരനുമായ ജ: പി. കെ. നിയാസി ന്റെ സഹകരണവും ഈ പുസ്തകത്തിനു ലഭിച്ചിട്ടുണ്ട്. ഈ സുഹൃത്തുക്കൾക്കൊക്കെ നന്ദിയും, കടപ്പാടും സ്നേഹവു മറിയിക്കുകയാണ്.

പുസ്തകം വിനയപൂർവം വായനക്കായി സമർപ്പിക്കുന്നു.

**വചനം ബുക്സ്**
കോഴിക്കോട്

# ഉള്ളടക്കം

ആമുഖം ........................................................................ 5
വിവർത്തകക്കുറിപ്പ് ............................................................ 7
പ്രസാധകവചനം ............................................................ 15

1. ഫലസ്തീൻ ഭൂമി ............................................................ 19
2. പൗരാണിക നാഗരികതയുടെ ഭൂമി .............................................. 20
3. ഫലസ്തീന്റെ മതപരമായ പ്രാധാന്യം ......................................... 21
4. മുസ്‌ലിംകൾ ഏകദൈവ വിശ്വാസ പതാകയുടെ നേരവകാശികൾ ........................ 23
5. സംസ്കാര സമ്പന്നമായ മുസ്‌ലിം ഭരണം ....................................... 24
6. ഫലസ്തീൻ ജനത ............................................................ 25
7. മുസ്‌ലിംകൾക്ക് ഫലസ്തീൻ മണ്ണിലുള്ള അവകാശം ............................. 26
8. സിയോണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഉത്ഭവം ........................................ 28
9. സയണിസ്റ്റ് പദ്ധതികളുടെ അപകടം .......................................... 29
10. ആഗോള സയണിസ്റ്റ് സംഘടന ................................................ 30
11. സിയോണിസ്റ്റ് പദ്ധതി ബ്രിട്ടൻ ഏറ്റെടുക്കുന്നു ................................. 31
12. ഫലസ്തീൻ അധിനിവേശത്തിനുകീഴിൽ ......................................... 32
13. 1917- 1948 കാലയളവിലെ ഫലസ്തീൻ ചെറുത്തുനിൽപ് .. 34
14. 1947ലെ ഫലസ്തീൻ വിഭജന പ്രമേയം ........................................ 36
15. 1948ലെ യുദ്ധവും അതിന്റെ അനന്തര ഫലങ്ങളും ............................ 37
16. 1948- 1967 കാലഘട്ടത്തിന്റെ സ്വഭാവം ...................................... 39
17. ഫലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ ..................................... 41
18. 1967 ലെ യുദ്ധവും ഫലങ്ങളും .............................................. 43

19. മനുഷ്യന്റെയും ഭൂമിയുടെയും ജൂതവൽക്കരണം.................44
20. ജറൂസലമിന്റെ ജൂതവൽക്കരണം.............................................46
21. അഭയാർഥികളും തിരിച്ചു വരവിനുള്ള അവകാശവും.........48
22. യു. എന്നും ഫലസ്തീൻ പ്രശ്നവും .......................................50
23. 1967 യുദ്ധാനന്തരമുള്ള ഫലസ്തീൻ ചെറുത്തു നിൽപ്...... 51
24. ഔദ്യോഗിക അറബ് പിന്തുണ പിൻവലിക്കൽ......................52
25. ഒന്നാം ഇൻതിഫാദ (1987 - 1993).............................................54
26. സമാധാന പ്രക്രിയകളിലേക്കുള്ള
പി.എൽ.ഒ.യുടെ ഗതി മാറ്റം......................................................55
27. ഗസ്സ - ജെറീക്കോ ഒന്നാം ഉടമ്പടി.........................................56
28. ഓസ്ലോ ഉടമ്പടിയെക്കുറിച്ച തടസ്സവാദങ്ങൾ.......................58
29. അൽ അഖ്സ്വാ ഇൻതിഫാദ 2000-2005.................................. 61
30. രാഷ്ട്രീയ ഉപജാപങ്ങൾ...............................................................63
31. ഇസ്രായേൽ അസ്തിത്വ ഭീതിയിൽ..........................................65
32. ഫലസ്തീനിലെ ക്രൈസ്തവർ ................................................67
33. ഇസ്ലാമും ദേശീയതയും..........................................................68
34. ഇസ്ലാമും സമാധാനവും ഫലസ്തീനും.............................69
35. ജൂതരുടെ സ്ഥാനം...................................................................... 71
36. ഫലസ്തീൻ ഉമ്മത്തിന്റെ കേന്ദ്ര വിഷയം .............................72
37. ഫലസ്തീൻ വിമോചനത്തിന്റെ ഇസ്ലാമിക പരിപ്രേക്ഷ്യം74
38. ഫലസ്തീൻ പ്രശ്നത്തിന്റെ മാനുഷിക അകലം ..................76
39. ഇസ്രായേൽ സന്തതികളുടെ 'ഉയർച്ച'...................................77
40. ജൂത സയണിസ്റ്റ് പ്രൊജക്റ്റിന്റെ പരാജയം..............................79

# 1
# ഫലസ്തീൻ ഭൂമി

സിറിയ, ജോർദാൻ, ഫലസ്തീൻ, ലബനാൻ മേഖലകൾ ഉൾക്കൊള്ളുന്ന ബിലാദുശ്ശാമിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തെയാണ് ഫലസ്തീൻ എന്ന് പൊതുവെ വ്യവഹരിക്കാറുള്ളത്. മധ്യധരണ്യാഴിയുടെ കിഴക്കൻ തീരത്തും ഏഷ്യൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ് ഭാഗത്തുമായി സ്ഥിതി ചെയ്യുന്ന അറബ് മുസ്‌ലിം ഭൂമിയാണ്, ഫലസ്തീൻ. ഏഷ്യയെയും ആഫ്രിക്കയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായും അത് വർത്തിക്കുന്നു. യൂറോപ്പുമായുള്ള സാമീപ്യം കൊണ്ടും സവിശേഷമാണത്. ഒരേ സമയം അറബ് - മുസ്‌ലിം ലോകത്തിന്റെ ഹൃദയത്തിൽ, രണ്ടു ചിറകുകൾക്കിടയിലായാണ് അതിന്റെ സ്ഥാനം. ഫലസ്തീൻ ഭൂമിയുടെ നയതന്ത്ര പ്രാധാന്യം ഏറെ വലുതാണ്. വടക്ക് ലബനാനുമായും, വടക്ക് കിഴക്ക് സിറിയയുമായും, കിഴക്ക് ജോർദാനുമായും, തെക്ക് ഈജിപ്തുമായും അതിർത്തി പങ്കിടുന്നു. 27,009 ചതുരശ്ര കിലോ മീറ്ററാണ് വിസ്തൃതി. നിമ്നോന്ന പ്രദേശമെന്ന പ്രത്യേകതയും മിത കാലാവസ്ഥയും ഫലസ്തീൻ പ്രദേശത്തെ വേറിട്ട് നിർത്തുന്നു.

2

# പൗരാണിക നാഗരികതയുടെ ഭൂമി

ലോകത്തെ അതിപുരാതന ജനവാസ മേഖലകളിൽ പെട്ട ഭൂപ്രദേശമാണ് ഫലസ്തീൻ. അവിടെ നിന്ന് കണ്ടെത്തിയ പുരാവശിഷ്ടങ്ങൾ പുരാതന ശിലായുഗത്തിലേക്കും (500,000 - 14,000 ബി.സി) മധ്യ ശിലായുഗത്തിലേക്കും (14,000 - 8000 ബി.സി) സൂചനകൾ നൽകുന്നു. പ്രസ്തുത ആദിമ ജനതയുടെ നാഗരികത നുത്വൂഫിയ്യ എന്നാണ് വിളിക്കപ്പെടുന്നത്. ആധുനിക പുരാവസ്തു കണ്ടെത്തൽ പ്രകാരം ഏകദേശം 11,000 വർഷം മുമ്പ് (9000 ബി.സി) സുസ്ഥിരവും കാർഷിക പ്രധാനവുമായ ജീവിതം നയിച്ച ലോകത്തെ പ്രഥമ അധിവാസ വിഭാഗമായിരുന്നു അവർ. ലോകത്തെ ഏറ്റവും പഴക്കമുള്ള പട്ടണമെന്ന് കണ്ടെത്തിയ അരീഹാ (ജെറിക്കോ) ബി.സി 8000- ൽ ഫലസ്തീനിൽ നിലനിന്നിരുന്നതാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

# 3

# ഫലസ്തീന്റെ മതപരമായ പ്രാധാന്യം

ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിൽ ഫലസ്തീന് അതുല്യ സ്ഥാനമുണ്ട്. ഖുർആന്റെ അധ്യാപനമനുസരിച്ച് പരിപാവനവും പരിശുദ്ധവുമായ ഭൂമിയാണത്.[1] മുസ്‌ലിംകളുടെ ആദ്യ ഖിബ്‌ലയും അല്ലാഹുവിന് ആരാധന നിർവഹിക്കാൻ ഭൂമുഖത്ത് സ്ഥാപിതമായ രണ്ടാമത്തെ മസ്ജിദും മുസ്‌ലിംകളുടെ മൂന്നാമത്തെ പവിത്ര ഗേഹവുമായ മസ്ജിദുൽ അഖ്‌സ്വാ നിലകൊള്ളുന്നത് ആ മണ്ണിലാണ്. പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ വിസ്മയകരമായ രാപ്രയാണത്തിന്റെ (ഇസ്‌റാഅ്) വേദി കൂടിയാണത്. ഖുർആൻ പേരെടുത്ത് പരാമർശിച്ച അനവധി പ്രവാചകന്മാർ ജനിച്ചതും വളർന്നതും ജീവിച്ചതും ഒടുവിൽ മറമാടപ്പെട്ടതുമായ ഇടം. ഇസ്‌ലാമിക വീക്ഷണത്തിൽ പുനരുജ്ജീവനത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഭൂമി. സത്യത്തിൽ ഉറച്ചു നിൽക്കുന്നവരും വിജയികളുമായ ലോകാവസാനം വരെയുള്ള സത്യവേദ വിശ്വാസികളുടെ അധിവാസ ഗേഹം.

ജൂതന്മാരുടെയും ക്രൈസ്തവരുടെയും പുണ്യഭൂമിയുമാണ് ഫലസ്തീൻ. തങ്ങളുടെ വാഗ്ദത്ത ഭൂമിയും സ്വമത ചരിത്രത്തിന്റെ മുഖ്യ ആകർഷണ കേന്ദ്രവും പ്രവാചകന്മാരുടെ അന്ത്യവിശ്രമ സ്ഥാനവുമായി ജൂതസമൂഹം ഫലസ്തീനെ ഗണിക്കുന്നു. ജറൂസലമിലും ഹെബ്രോണിലുമാണ് അവരുടെ വിശുദ്ധ ഗേഹങ്ങൾ കുടികൊള്ളുന്നത്.

---

*1 ഇസ്‌ലാമിക വീക്ഷണപ്രകാരം, ഫലസ്തീൻ ഭൂമിയിലെ പരിപാവന പ്രദേശത്തിന്റെ അതിരുകൾ ഇന്നത്തെ നിർണിത ഭൂമിശാസ്ത്ര അതിരുകളായി പരിമിതപ്പെടുത്തേണ്ടത് അനിവാര്യമല്ല. എന്തെന്നാൽ, 1922-1923 കാലത്ത് ബ്രിട്ടീഷ് അധിനിവേശമാണ്, ഈ അതിരുകൾ നിജപ്പെടുത്തിയത്. പരിപാവന ഭൂമിയെന്നതിൽ ബിലാദുശ്ശാമിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടും.*

യേശു ജനിച്ച് വളർന്ന്, തന്റെ സത്യപ്രബോധന ദൗത്യം നിർവഹിച്ച, തങ്ങളുടെ മതത്തിന്റെ കളിത്തൊട്ടിലാണ് ക്രൈസ്തവർക്ക്, ഫലസ്തീൻ. അവരുടെ പുണ്യ സ്ഥലങ്ങളായ ജറൂസലമും ബത്‌ലഹേമും നസ്റേത്തും ഫലസ്തീനിലാണുള്ളത്.

# 4

# മുസ്‌ലിംകൾ ഏകദൈവ വിശ്വാസ പതാകയുടെ നേരവകാശികൾ

തൗഹീദി (ഏകദൈവ വിശ്വാസം)ന്റെ കൊടിക്കൂറക്ക് കീഴിൽ ഒരു നിശ്ചിത കാലം ഫലസ്തീൻ ഭരിച്ച ദാവൂദ്, സുലൈമാൻ തുടങ്ങിയ ബനൂ ഇസ്രായേൽ പ്രവാചകന്മാരുടെയും ആ സമൂഹത്തിൽ പെട്ട മറ്റു പുണ്യാത്മാക്കളുടെയും പൈതൃകത്തിന്റെ യഥാർഥ അവകാശികൾ തങ്ങളാണെന്ന് മുസ്‌ലിം സമൂഹം വിശ്വസിക്കുന്നു. ആ പ്രവാചകന്മാരുടെ കാലശേഷം അവർ ഉയർത്തിപ്പിടിച്ചിരുന്ന തൗഹീദീ ദർശനം യഥാതഥം ഏറ്റുവാങ്ങി അവ കലർപ്പില്ലാതെ പുലർത്തിപ്പോന്നവരെന്ന നിലയിൽ വിശുദ്ധ ഭൂമിയുടെ ഭരണത്തുടർച്ചയുടെ നിയമ സാധുത്വം തങ്ങളിലർപ്പിതമാണെന്നും അവർ മനസ്സിലാക്കുന്നു. ഇസ്രായേൽ സന്തതികൾ സത്യ പന്ഥാവിൽനിന്ന് തെന്നിമാറുകയും വേദ ഗ്രന്ഥങ്ങൾ തിരുത്തിയെഴുതുകയും ചെയ്തതിനാൽ വിശുദ്ധ ഭൂമിക്കുള്ള അർഹത അവർക്കല്ല; വിശ്വാസത്തിന്റെയും സത്യത്തിന്റെയും സമർപ്പിത വഴിയിൽ നൈരന്തര്യം പുലർത്തിയ തങ്ങൾക്കാണെന്നാണ് മുസ്‌ലിം വീക്ഷണം.

# 5

# സംസ്കാര സമ്പന്നമായ മുസ്‌ലിം ഭരണം

ഫലസ്തീനിലെ - വിശിഷ്യാ ജറൂസലമിലെ-മുസ്‌ലിം ഭരണ കാലത്ത് മത-വർഗ വൈവിധ്യങ്ങളോടുള്ള ഭരണ കർത്താക്കളുടെ പൊതു പെരുമാറ്റം നീതിയിലും നന്മയിലും അധിഷ്ഠിതവും, സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും ഊന്നിയതുമായിരുന്നു. ജൂതരുടെയും ക്രൈസ്തവരുടെയും ഇതര മതസ്ഥരുടെയും അവകാശങ്ങൾ സംരക്ഷിക്കാനും അവർക്കെതിരെയുള്ള അനീതികളെയും അരുതായ്മകളെയും ചെറുക്കാനും അവർ ദത്തശ്രദ്ധരായിരുന്നു. എന്നല്ല, ഇസ്‌ലാമിക നാഗരികത കെട്ടിപ്പടുക്കുന്ന കാര്യത്തിൽ ഇതര മതസ്ഥരെ അവർ പൂർണാർഥത്തിൽ പങ്കാളികളാക്കുകയുമുണ്ടായി.

അതേയവസരം ചരിത്രപരമായി നോക്കുമ്പോൾ, മറ്റു ഭരണാധികാരികളുടെ പൊതു സമീപനം ഏറെ നിഷേധാത്മകമായിരുന്നു. ഇതര മതസ്ഥരോടുള്ള സഹവർത്തിത്വത്തിൽ അവർ തികച്ചും പരാജയപ്പെട്ടിരുന്നു. റോമക്കാരും കുരിശ്പടയും മുമ്പ് ചെയ്തതു പോലെയും ഇപ്പോൾ ഇസ്രായേൽ ചെയ്ത് കൊണ്ടിരിക്കുന്നത് പോലെയും മറ്റു മതങ്ങളെ അടിച്ചമർത്തുകയും നിഷ്ക്കരുണം പുറം തള്ളാൻ ശ്രമിക്കുകയുമാണ് അവർ ചെയ്തത്.

# 6
# ഫലസ്തീൻ ജനത

കനാനികൾ ആയിരുന്നു, ഫലസ്തീനിലെ ആദിമ ജനവിഭാഗം. ഏകദേശം 4500 വർഷങ്ങൾക്ക് മുമ്പ്, അറേബ്യൻ ഉപദ്വീപിൽ നിന്ന് വന്നവരായിരുന്നു അവർ. അങ്ങനെയാണ്, ആദ്യ അവിടം കനാൻ ദേശം എന്നറിയപ്പെട്ടത്. നിലവിലെ ഫലസ്തീൻ സമൂഹം കനാനികളുടെ പിന്മുറക്കാരാണ്.

പെലിസ്ത് അല്ലെങ്കിൽ പെലിസ്തിൻ എന്ന് വിളിച്ചിരുന്ന മധ്യധരണ്യാഴിയുടെ കിഴക്കു നിന്നുള്ളവരും പിൽക്കാലത്ത് അവരോട് ഇടകലർന്ന് ജീവിച്ച അറബ് ഗോത്രങ്ങളുമാണവർ. വ്യത്യസ്ത ജനവിഭാഗങ്ങൾ ഫലസ്തീൻ ഭരിച്ചിരുന്നുവെങ്കിലും സ്വദേശികളായ ജനത അവിടെത്തന്നെ അധിവാസം അവിരാമം തുടർന്നു വന്നു. ഇവരിൽ മഹാഭൂരിഭാഗവും ഇസ്‌ലാം ആശ്ലേഷിക്കുകയും അറബി ഭാഷ പൊതു ബന്ധ ഭാഷയായി സ്വീകരിക്കുകയും ചെയ്തു. ജനസംഖ്യയിലെ വലിയ വിഭാഗം 1948-ലെ ഇസ്രായേൽ അധിനിവേശത്തോടെ ബലാൽക്കാരം പുറം തള്ളപ്പെട്ടുവെങ്കിലും, ഫലസ്തീൻ ഭൂമിയുടെ അറബ് - ഇസ്‌ലാമിക സ്വത്വം, ഹിജ്റ 15/ക്രിസ്ത്വബ്ദം 636 - ലെ ഇസ്‌ലാമിന്റെ ദിഗ്വിജയങ്ങളുടെ (ഫുതൂഹ്) കാലം മുതൽ ഇന്നുവരെ നിലനിന്നു പോരുന്നു.

# 7
# മുസ്‌ലിംകൾക്ക് ഫലസ്തീൻ മണ്ണിലുള്ള അവകാശം

ഫലസ്തീനിൽ തങ്ങൾക്കുണ്ടെന്ന ജൂതരുടെ അവകാശവാദങ്ങളും അറബ് -മുസ്‌ലിം അവകാശവാദങ്ങളും തുല്യമല്ല. ഇസ്രായേൽ സമുദായം തങ്ങളുടെ രാജ്യം സ്ഥാപിക്കുന്നതിനു ഏകദേശം 1500- ലധികം വർഷങ്ങൾക്കു മുമ്പ് തന്നെ ഫലസ്തീൻ മക്കൾ അവിടെ അധിവാസമുറപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ആ രാജ്യം നിലനിന്നപ്പോഴും ഫലസ്തീനുമായുള്ള ജൂത ബന്ധം അവസാനിച്ച ശേഷവും മുസ്‌ലിംകൾ അവിടെ തുടർന്നു പോന്നിട്ടുമുണ്ട്. നാലു നൂറ്റാണ്ടോളം (1000 - 586 ബി.സി)[2] ഫലസ്തീന്റെ ചില ഭാഗങ്ങളിൽ മാത്രമാണ്, ജൂത ഭരണം നിലനിന്നിരുന്നത്; മുഴുവൻ ഫലസ്തീനിലുമല്ല.

സ്വന്തം ഭൂമിയിൽ വേരാഴ്ത്തി ഫലസ്തീൻ ജനത നിലയുറപ്പിച്ചപ്പോൾ, മുമ്പ് അധികാര ശക്തികളായ റോമക്കാരുടെയും ഗ്രീക്കുകാരുടെയും ഫറോവമാരുടെയും പേർഷ്യക്കാരുടെയും അസീറിയക്കാരുടെയും ഭരണകൂടങ്ങൾ ദുർബലമായതു പോലെ യഹൂദ ഭരണകൂടവും സ്വാഭാവിക നാശമടയുകയാണുണ്ടായത്. കുരിശു യുദ്ധക്കാലയളവിലെ 90 വർഷത്തെ ഇടവേള ഒഴിച്ചുനിർത്തിയാൽ ഫലസ്തീൻ ചരിത്രത്തിലെ ദീർഘ കാല ഭരണം ( 636 - 1917 സി.ഇ) മുസ്‌ലിംക

---

*2 സുലൈമാൻ പ്രവാചകന്റെ (അ) കാലശേഷം ബി.സി. 923- ൽ അദ്ദേഹത്തിന്റെ ഭരണകൂടം രണ്ട് രാജ്യങ്ങളായി വിഭജിതമായി. ഒന്ന്, 722 -ബി.സിയിൽ അസീറിയക്കാർ പിടിച്ചടക്കിയ വടക്കൻ ഭാഗത്തെ ഇസ്രാഈൽ. രണ്ട്, ബി.സി 586-ൽ ബാബിലോണിയക്കാർ കീഴടക്കിയ യഹൂദ രാജ്യം*

ളുടേതായിരുന്നു. ക്രിസ്ത്വബ്ദം 135 മുതൽ ഇരുപതാം നൂറ്റാണ്ടു വരെയുള്ള 1800 വർഷക്കാലയളവിൽ, ഫലസ്തീനിൽ ജൂതരുടെ സ്വാധീനം ഉറപ്പിക്കാനുള്ള അവരുടെ ശക്തിയും ത്രാണിയും പ്രായോഗിക തലത്തിൽ ദുർബലപ്പെട്ടു പോയിരുന്നു. അക്കാലത്ത് രാഷ്ട്രീയമോ നാഗരികമോ നേതൃപരമോ ആയ യാതൊരു സാന്നിധ്യവും ഫലസ്തീനിൽ അവർക്കുണ്ടായിരുന്നില്ല. അവരുടെ മതപരമായ അധ്യാപനങ്ങൾ അവിടേക്കുള്ള ഏതൊരു തിരിച്ചുപോക്കും നിരോധിച്ചിട്ടുമുണ്ട്. ബഹുഭൂരിഭാഗം സമകാലിക ജൂതന്മാരും ഫലസ്തീനുമായി ചരിത്രപരമായ ബന്ധമുള്ളവരോ ഇസ്രായേൽ സമുദായത്തിന്റെ പിന്തുടർച്ചക്കാരോ അല്ലെന്ന്, വിശ്രുത എഴുത്തുകാരൻ ആർതർ കോസ്റ്റ്ലർ തുടങ്ങി, നിരവധി ജൂത ഗവേഷകരും[3] പണ്ഡിതന്മാരും സ്ഥാപിച്ചിട്ടുണ്ട്. എൺപതു ശതമാനത്തിലധികം ജൂതന്മാർ ഇന്ന് തങ്ങളുടെ വേര് തേടിപ്പോകുന്നത്, ഖസറിലേക്കാ (Ashkenaz)ണ്. ക്രിസ്ത്വബ്ദം 8 – 10 നൂറ്റാണ്ടുകളിൽ അവർ അധിവസിക്കുകയും ജൂതവൽക്കരിക്കപ്പെടുകയും ചെയ്ത വടക്കൻ കോക്കസസ് പ്രദേശങ്ങളിൽ പെടുന്ന സ്ഥലമാണത്. ജൂത സമുദായാംഗങ്ങൾക്ക് തിരിച്ചുപോക്കിനോട് ആഭിമുഖ്യമുണ്ടെങ്കിൽ അവർ പോകേണ്ടത്, നടേ പറഞ്ഞ തെക്കൻ റഷ്യയുടെ പ്രദേശത്തേക്കാണ്; അല്ലാതെ ഫലസ്തീനിലേക്കല്ല.

കൂടാതെ ഫലസ്തീനുമായുള്ള ജൂതന്മാരുടെ ചരിത്ര ബന്ധം യാഥാർഥ്യത്തിനു മുന്നിൽ നിലനിൽക്കുന്ന ഒന്നല്ല. കാരണം, വിശുദ്ധ ഭൂമിയിലേക്കുള്ള കൂട്ടപ്പലായനത്തിൽ മൂസാ(അ)യോടൊപ്പം ചേരാൻ വിസമ്മതിച്ചവരാണ് ഇസ്രായേൽ മക്കളിൽ ഭൂരിഭാഗവും. അതേപോലെ പേർഷ്യൻ ചക്രവർത്തി സൈറസ് സുരക്ഷിതത്വവും അഭയവും വാഗ്ദാനം ചെയ്തിട്ടും ബാബിലോണിയയിൽനിന്ന് വിശുദ്ധ ഭൂമിയിലേക്ക് പലായനം ചെയ്യാൻ അവരിൽ ഭൂരിഭാഗവും കൂട്ടാക്കിയിരുന്നില്ല. ഫലസ്തീൻ ജനതയുമായി തുലനം ചെയ്യുമ്പോൾ ചരിത്രത്തിലുടനീളം, സിയോണിസ്റ്റ് പദ്ധതികളുടെ ആവിർഭാവം വരേക്കും ഫലസ്തീനിലെ ജൂതർ ചെറു ന്യൂനപക്ഷമായിരുന്നു എന്നതാണ് വസ്തുത. ലോക യഹൂദരുടെ കണക്കെടുത്താലും അപ്രകാരം തന്നെ.

---

*3 എ. കോസ്റ്റ്ലർ, എ.എൻ. പോലാക്, കെ.എൽ. ബ്രൂക്ക്, എസ്. സാന്റ്, ഇ. എലൈക് പോലുള്ള ഗവേഷകർ*

# 8
# സിയോണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഉത്ഭവം

ഫലസ്തീനിൽ ജൂതരാഷ്ട്രം സ്ഥാപിക്കാൻ പ്രയത്നിച്ച സിയോണിസ്റ്റ് പ്രസ്ഥാനം, യൂറോപ്യൻ ക്രൈസ്തവർക്കിടയിലുണ്ടായ സയണിസ്റ്റ് അനുകൂല പ്രക്ഷോഭങ്ങളോടാണ് കടപ്പെട്ടിരിക്കുന്നത്. പ്രത്യേകിച്ചും പതിനാറാം നൂറ്റാണ്ട് മുതൽ ഫലസ്തീനിൽ ജൂതരെ ഒരുമിച്ചുകൂട്ടാൻ പ്രചാരണം നടത്തിയ പ്രൊട്ടസ്റ്റന്റുകളോട്. ജൂതന്മാരെ അവർ ജീവിച്ചു കൊണ്ടിരുന്ന സമൂഹങ്ങൾ ഉൾക്കൊള്ളുന്ന സ്ഥിതിയുണ്ടാകണമെന്ന സ്വഭാവത്തിൽ രൂപം കൊണ്ട, ജൂത എൻലൈറ്റ്മെന്റ് പ്രസ്ഥാനത്തിന്റെ (Haskala) അപചയവും സയണിസത്തിന്റെ ആവിർഭാവകാരണ ങ്ങളിലൊന്നാണ്. 'ജൂതരുടെ വിമോചന'വും അവരുടെ പൗരത്വ ലബ്ധിയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന, ദേശീയ-ദേശഭക്തി ആശയധാരകളും, യൂറോപ്പിലെ ദേശ രാഷ്ട്രങ്ങളും സയണിസത്തിന്റെ വഴി എളുപ്പമാക്കിയ മറ്റു ഘടകങ്ങളാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രത്യേകിച്ച് കിഴക്കൻ യൂറോപ്പിൽ ആവിർഭവിച്ച 'യഹൂദ പ്രശ്ന'വും ജൂതന്മാരുടെ, റഷ്യൻ അടിച്ചമർത്തലും ഫലസ്തീനിലെ സിയോണിസ്റ്റ് താൽപര്യങ്ങളെ ത്വരിതഗതിയിലാക്കി. യൂറോപ്പിലെയും അമേരിക്കയിലെയും സ്വാധീനശക്തിയുള്ള സുപ്രധാന ഓഫീസുകളെ തങ്ങളുടെ ലക്ഷ്യം സാക്ഷാൽക്കരിക്കാനായി അവർ ഉപയോഗപ്പെടുത്തി. മാത്രവുമല്ല, പശ്ചിമ യൂറോപ്പിലെയും അമേരിക്കയിലെയും മിക്ക രാജ്യങ്ങളും കിഴക്കൻ യൂറോപ്പിൽ നിന്നുള്ള കുടിയേറ്റ തരംഗം ഏറ്റുവാങ്ങാൻ വിസമ്മതിക്കുകയായിരുന്നു. തങ്ങളുടെ രാജ്യങ്ങൾക്കു പുറത്തേക്ക് ഈ തരംഗത്തെ തിരിച്ചുവിടാനായിരുന്നു, അവയുടെ ബദൽ നിർദേശം.

# 9

# സയണിസ്റ്റ് പദ്ധതികളുടെ അപകടം

പടിഞ്ഞാറൻ കൊളോണിയലിസത്തിന്റെ വിശിഷ്യാ, ബ്രിട്ടന്റെ പിന്തുണയിൽ, ഒരു 'സുരക്ഷിത രാജ്യ' (Buffer state)വും അധിനിവേശ ശക്തിദുർഗവും നിലവിൽ വരുത്തുക എന്ന സിയോണിസ്റ്റ് ആശയ സംഹിത, പടിഞ്ഞാറൻ - സിയോണിസ്റ്റ് ഭീഷണിയുടെ ഗൗരവ്യതയെ യാണ് കുറിക്കുന്നത്.

ഇസ്‌ലാമിക - അറബ് ഭൂമിയുടെ ഹൃദയത്തിൽ സയണിസ്റ്റ് രാജ്യം സ്ഥാപിക്കുക വഴി ഏഷ്യയിലെയും ആഫ്രിക്കയിലെയും ഇസ്‌ലാമിക ലോകത്തിന്റെ രണ്ടു ചിറകുകളെ രണ്ടു ഭാഗങ്ങളായി ശിഥിലീകരിക്കാൻ അവർക്ക് കഴിഞ്ഞു. ഇത് മുസ്‌ലിം ഐക്യത്തെ തുരങ്കം വെക്കുകയും ദുർബലപ്പെടുത്തുകയും ചെയ്തു. അതു വഴി, ഛിദ്രിതരായ അറബ് - മുസ്‌ലിം ലോകം നവജാഗരണത്തിന്റെ ശേഷിയും ശേമുഷിയും നഷ്ടപ്പെട്ടവരായി, അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിച്ചും പടിഞ്ഞാറിന്റെ വിഭവങ്ങൾ ഉപയോഗിച്ചും പുരോഗതിയുടെ ഭ്രമണപഥത്തിൽ കറങ്ങിത്തിരിയുന്നവരായി പരിണമിച്ചു.

ശത്രുത മുറ്റി നിൽക്കുന്ന പരിതസ്ഥിതിയിലെ, സിയോണിസ്റ്റ് രാഷ്ട്രത്തിന്റെ സ്ഥായിത്വത്തിനും വളർച്ചക്കുമുള്ള സാധ്യതകളാകട്ടെ, ചുറ്റുമുള്ള മുസ്‌ലിം രാജ്യങ്ങളെ കൂടുതൽ ദുർബലവും ശിഥിലവും അവികസിതവുമാക്കുകയും ചെയ്യും. കൂടാതെ, മുസ്‌ലിം ഉമ്മത്തിന്റെ പുനരുജ്ജീവനത്തിന്റെ സാധ്യതകളും അതിന്റെ ഐക്യവും ശക്തിയുമൊക്കെ, ഫലസ്തീനിലെ സിയോണിസ്റ്റ് അധിനിവേശം തൂത്തെറിയാനുള്ള അവരുടെ പ്രാപ്തിയെയും കഴിവിനെയും ആശ്രയിച്ച് നിൽക്കുകയും ചെയ്യും.

# 10

# ആഗോള സയണിസ്റ്റ് സംഘടന

തിയോഡർ ഹെർസലിന്റെ നേതൃത്വത്തിൽ 1897 ആഗസ്റ്റിലാണ് ബാസലിൽ ലോക സയണിസ്റ്റ് പ്രസ്ഥാനം രൂപീകരിക്കപ്പെടുന്നത്. ഫലസ്തീനിൽ ജൂതന്മാർക്കു വേണ്ടി രാജ്യം സ്ഥാപിക്കുകയായിരുന്നു സംഘടനയുടെ ഉന്നം. ഒരു പടിഞ്ഞാറൻ അധിനിവേശ പദ്ധതിയായാണ് അത് ഉരുവം കൊണ്ടത്. ഒന്നാം ലോക യുദ്ധം വരെ മൂർത്തമായ എന്തെങ്കിലും നേടുന്നതിൽ അത് പരാജയപ്പെട്ടു. ജൂതന്മാരുടെ മതം, പൈതൃകം, ദേശീയത എന്നിവയെ അടിസ്ഥാനപ്പെടുത്തി ഉടലെടുത്ത ഒരു വംശീയ പ്രസ്ഥാനമാണ് സയണിസ്റ്റ് മൂവ്മെന്റ്. ഫലസ്തീനികളുടെ അവകാശങ്ങളെ അവരുടെ ഭൂമിയിൽ റദ്ദാക്കുകയും അവിടെ നിന്നുമവരെ നാടുകടത്തുകയും ചെയ്യുന്നതിനെ ആശ്രയിച്ചാണ്, സിയോണിസത്തിന്റെ വിജയം നില നിൽക്കുക. മതേതരനോ മതാത്മകനോ, സോഷ്യലിസ്റ്റോ രാഷ്ട്രീയക്കാരനോ ആരുമാവട്ടെ, സിയോണിസ്റ്റ് ചിന്തയുടെ വ്യത്യസ്ത അടരുകളിൽ മൗലികമായ ഒരു വിധ അന്തരവും ഇല്ല. ജൂത ജനതക്ക് ഒരു ഗേഹം പണിയുക എന്ന പൊതു ലക്ഷ്യത്തിൽ എല്ലാ സയണിസ്റ്റ് ആശയധാരകളും തമ്മിൽ ഏകോപനമുണ്ട്.

# 11

# സിയോണിസ്റ്റ് പദ്ധതി ബ്രിട്ടൻ ഏറ്റെടുക്കുന്നു

സിയോണിസ്റ്റ് പദ്ധതി ബ്രിട്ടൻ ഏറ്റെടുക്കുകയും ജൂത ജനതക്ക് ഫലസ്തീനിൽ ദേശീയ ഭവനം പണിയാനുള്ള ബാൽഫർ പ്രഖ്യാപനം 1917 നവംബർ 2 ന് നിലവിൽ വരികയും ചെയ്തു. 1918 സെപ്റ്റംബറിൽ അധിനിവേശം പൂർത്തീകരിക്കാനുള്ള ചിട്ട വട്ടങ്ങൾ തയാറാക്കി. ശരീഫ് ഹുസൈന്റെ നേതൃത്വത്തിനു കീഴിൽ അറബികൾക്ക് വിമോചനവും സ്വാതന്ത്ര്യവുമെന്ന കരാറിനെയാണ് അത് സ്വയം നിഷേധിച്ചു കളഞ്ഞത്. കൂടാതെ, ഇത് സിറിയയുടെയും ഇറാഖിന്റെയും മേഖലകളെ ബ്രിട്ടനും ഫലസ്തീനെ അന്താരാഷ്ട്ര നിയന്ത്രണത്തിൻ കീഴിലാക്കാൻ ലക്ഷ്യമിട്ടുള്ള 1916 മെയിലെ സൈക്ക് -പീക്കോ കരാറനുസരിച്ച് ഫ്രാൻസിനും, ഇടയിൽ രണ്ടു സ്വാധീന വലയങ്ങളായി വിഭജിക്കുകയുണ്ടായി. പിൽക്കാലത്ത് 1920 ഏപ്രിലിലെ സാൻ റെമോ ഉടമ്പടി പ്രകാരം ഫലസ്തീന്റെ നിയന്ത്രണം ബ്രിട്ടന്റെ കയ്യിൽ വന്നു. ഫലസ്തീനു വേണ്ടിയുള്ള മാൻഡേറ്റിൽ, 1922 ജൂലൈയിൽ ലീഗ് ഓഫ് നേഷൻസ് അംഗീകരിച്ച, ബാൽഫർ പ്രഖ്യാപനം ഉൾപ്പെടുത്തുന്നതിലേക്ക് ഇത് നയിച്ചു.

# 12
# ഫലസ്തീൻ അധിനിവേശത്തിനുകീഴിൽ

1918-1948 കാലത്തെ ഫലസ്തീൻ അധിനിവേശ കാലയളവിൽ ജൂതന്മാർക്കു മുമ്പാകെ കുടിയേറ്റത്തിനുള്ള വാതായനങ്ങൾ ബ്രിട്ടൻ തുറന്നിട്ടു കൊടുത്തു. 1918 ലെ 55000 ൽ നിന്ന് 1948 ൽ 646000 ആയി കുടിയേറ്റക്കാരുടെ എണ്ണം റോക്കറ്റു വേഗതയിലാണ് കുതിച്ചുയർന്നത്.(കേവലം 8 ശതമാനത്തിൽ നിന്ന് 31.7 ശതമാനത്തിലേക്കുള്ള ജനസംഖ്യാ വർധന). ഉയർന്ന തോതിൽ ഭൂമി കൈവശപ്പെടുത്താൻ ഇത് അവർക്ക് സഹായകമായി. ഏകദേശം 420000 ഡോണംസി(donum)ൽ (ഒരു ഡോണം ആയിരം സ്ക്വയർ മീറ്റർ) നിന്ന് (ഭൂമിയുടെ 1.6 ശതമാനം) (ഏകദേശം 1.7 മില്യൻ ഡോണംസിലേക്ക് (ഫലസ്തീൻ ഭൂമിയുടെ 6.3 ശതമാനം) ജൂതരുടെ ഉടമസ്ഥാവകാശം വർധിച്ചു. ഇത്രത്തോളമൊക്കെ ജൂതന്മാർക്ക് നേടാൻ സാധിച്ചത് മിക്കവാറും ബ്രിട്ടീഷ് അധികാരികളാലായിരുന്നു; അല്ലാതെ ഫലസ്തീനികൾ വഴിയായിരുന്നില്ല. എത്ര ദുസ്സഹമായ സാഹചര്യങ്ങളുണ്ടായിട്ടും ഫലസ്തീൻ ജനത, ഭൂരിപക്ഷ ജനസംഖ്യാ സ്ഥിതി (68.3 ശതമാനം) പരിരക്ഷിച്ചും ബഹുഭൂരിഭാഗം ശതമാനം ഭൂമിയുടെ (93.7) നിയന്ത്രണം കൈവശം വെച്ചും 30 വർഷം ഉറച്ചു നിന്നു. എന്നിരുന്നാലും ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്നുള്ള സജീവ സഹായത്താൽ ജൂത സയണിസ്റ്റുകൾ, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ, സൈനിക സാമൂ

ഹിക സ്ഥാപനങ്ങൾ പണി കഴിപ്പിച്ചു. 1948 ആയപ്പോഴേക്കും 292 ജൂത കുടിയേറ്റ കേന്ദ്രങ്ങൾ അവർ ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. ഹഗാന, ഇർഗുൻ, സ്റ്റേൺ തുടങ്ങിയ ഭീകര ഗ്രൂപ്പുകളിൽ നിന്നായി എഴുപതിനായിരം ഭടന്മാർ അടങ്ങുന്ന ശക്തമായ മിലിട്ടറി ഫോഴ്സിന് അവർ രൂപം നൽകി. അതിനു ശേഷമാണ് രാഷ്ട്ര പ്രഖ്യാപനം നടത്തിയത്.

# 13

# 1917- 1948 കാലയളവിലെ ഫലസ്തീൻ ചെറുത്തുനിൽപ്

ഫലസ്തീനെതിരായ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും അതിന്റെ അധികാര നയങ്ങളുടെയും കാഠിന്യം ഭയാനകമായിരിക്കെ, അതിനെ ചെറുക്കാനുള്ള പ്രാപ്തി തുലോം കുറവായിരുന്നിട്ടും, ബ്രിട്ടീഷ് അധിനിവേശത്തെയും സിയോണിസ്റ്റ് പദ്ധതികളെയും ഫലസ്തീൻ ജനത തള്ളുകയും  സ്വാതന്ത്ര്യം ശക്തമായി ഉന്നയിക്കുകയും ചെയ്തു. മൂസാ കാസിം അൽഹുസൈനിയുടെയും അൽ ഹാജ് അമീൻ അൽ ഹുസൈനിയുടെയും നേതൃത്വത്തിലുള്ള ഇസ്‌ലാമിക – ദേശീയ പ്രസ്ഥാനങ്ങൾ ജനകീയ പ്രക്ഷോഭങ്ങളും പടയൊരുക്കങ്ങളും ഉൾപ്പെടെ നിരവധി രാഷ്ട്രീയ സംരംഭങ്ങൾ സംഘടിപ്പിച്ചു. അക്കൂട്ടത്തിലെ പ്രഥമ സമര സംരംഭമായിരുന്നു, 1920 ലെ ജറൂസലം പ്രക്ഷോഭം. പിന്നീട് 1921 ലെ ജാഫാ പ്രക്ഷോഭം, 1929 ലെയും 1933 ലെയും ബുറാഖ് മതിൽ സമരങ്ങൾ എന്നിവയും പിന്നീട് നടന്നു. ഇസ്സുദ്ദീനിൽ ഖസ്സാം നേതൃത്വം നൽകിയിരുന്ന, 'ജിഹാദിയ്യാ' മൂവ്മെൻറ് ഫലസ്തീൻ ചെറുത്തു നിൽപിൽ സുപ്രധാന പങ്ക് വഹിച്ചിരുന്നു.

1936–39 കാലത്തെ ഫലസ്തീൻ ജനതയുടെ അതിശക്തമായ പ്രക്ഷോഭത്തെത്തുടർന്ന്, 1939 മെയ് മാസത്തിൽ ഒരു ധവള പത്രം പുറപ്പെടുവിക്കാൻ ബ്രിട്ടൻ നിർബന്ധിതരായി. പത്തു വർഷത്തിനകം സ്വതന്ത്ര ഫലസ്തീൻ രാജ്യം യാഥാർഥ്യമാക്കുമെന്ന് വാഗ്ദാനം നൽകുന്നതും തീർത്തും ഒഴിവാക്കാനാവാത്ത സാഹചര്യത്തിലൊഴിച്ച് ഫലസ്തീൻ ഭൂമി ജൂതർക്ക് കൈമാറ്റം ചെയ്യുന്നത് നിരോധിക്കുന്നതും

അഞ്ചു വർഷത്തിനു ശേഷമുള്ള ജൂത കുടിയേറ്റങ്ങൾ പാടെ നിരോധിക്കുമെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായിരുന്നു അത്.

എന്നാൽ, 1945ൽ രണ്ടാം ലോകയുദ്ധാനന്തരം ഏണസ്റ്റ് ബെവിൻ പ്രഖ്യാപനത്തോടെ ബ്രിട്ടീഷ് അധികാരികൾ ഈ കരാറുകൾ മുഴുവൻ റദ്ദു ചെയ്യുകയും അമേരിക്കൻ പിന്തുണയോടെ സയണിസ്റ്റ് പദ്ധതികൾക്ക് നവ ജീവൻ പകരുകയുമായിരുന്നു.

# 14

# 1947ലെ ഫലസ്തീൻ വിഭജന പ്രമേയം

1947 നവംബർ 29 ന് യു.എൻ പൊതുസഭ, രണ്ട് സ്റ്റേറ്റുകളായി (അറബ് രാജ്യവും ജൂതരാജ്യവും)ഫലസ്തീനെ വിഭജിക്കാൻ ആവശ്യപ്പെടുന്ന 181-നമ്പർ പ്രമേയം അംഗീകരിച്ചു.(ഏകദേശം 54.7 ശതമാനം ഭൂമി ജൂതർക്കും 44.8 ശതമാനം അറബികൾക്കും ഖുദ്സ് ഉൾപ്പെടുന്ന 0.5 ശതമാനം ഭൂമി, പ്രത്യേക അന്താരാഷ്ട്ര സമിതിക്കു കീഴിലുമാക്കി നിജപ്പെടുത്തിയതായിരുന്നു പ്രമേയം). യു.എൻ പൊതുസഭയുടെ പ്രമേയങ്ങൾ പൊതുവിൽ അന്തിമ സ്വഭാവമുള്ളതല്ല. മാത്രവുമല്ല, ഒരു ജനതയുടെ സ്വാതന്ത്ര്യത്തിനും സ്വയം തീരുമാനത്തിനുമുള്ള അവകാശമെന്ന, യു.എൻ സ്ഥാപിതമായ അടിത്തറകൾക്ക് തന്നെ കടകവിരുദ്ധമായ ഒന്നായിരുന്നു പ്രസ്തുത പ്രമേയം. അതിനുമപ്പുറം, യഥാർഥ അവകാശികളായ ഫലസ്തീനികളെ തള്ളി, ഭൂമിയുടെ വലുതും വിശിഷ്ടവുമായ ഭാഗം ന്യൂനപക്ഷം വരുന്ന കുടിയേറ്റക്കാരായ സയണിസ്റ്റ് ജൂതർക്ക് പതിച്ചു നൽകിയതിലെ ക്രൂരത സമാനതകളില്ലാത്തതായിരുന്നു.

# 15-
# 1948ലെ യുദ്ധവും അതിന്റെ അനന്തര ഫലങ്ങളും

1948 മെയ് 14 രാത്രിയിൽ സയണിസ്റ്റുകൾ 'ഇസ്രായേൽ' എന്ന രാഷ്ട്രത്തിന്റെ രൂപീകരണം പ്രഖ്യാപിച്ചു. കാര്യക്ഷമതയും പരിചയവുമില്ലാത്ത നേതൃത്വത്തിന്റെയും അതീവ ദുർബലമായ സംഘാടനത്തിന്റെയും പ്രതീകമായി മാറിയ അറബ് സൈന്യങ്ങളെ എളുപ്പം പരാജയപ്പെടുത്താൻ അവർക്ക് സാധിച്ചു. അവരിൽ ചിലർ കൊളോണിയൽ സ്വാധീനത്തിനടിപ്പെട്ടുപോയതാണ്, കാര്യങ്ങൾ ഇത്രമേൽ ശോചനീയമായി പരിണമിക്കാൻ നിമിത്തമായത്. അനന്തര ഫലമെന്നോണം, സിയോണിസ്റ്റുകൾ 77 ശതമാനം ഫലസ്തീൻ ഭൂമിയും (20770 സ്ക്വയർ മീറ്റർ) പിടിച്ചടക്കുകയും അവർ രാജ്യം സ്ഥാപിച്ചിടത്തുണ്ടായിരുന്ന മൊത്തം ഒമ്പതേകാൽ ലക്ഷം ഫലസ്തീനികളിൽ എട്ട് ലക്ഷം പേരെയും നിർബന്ധപൂർവം പുറത്താക്കുകയും ചെയ്തു. (1948 ലെ കണക്കു പ്രകാരം മൊത്തം ഫലസ്തീനിലെ ജനസംഖ്യ 1.39 മില്യനാണ്). അധിനിവിഷ്ട ഭൂമിയിലുണ്ടായിരുന്ന, 585 ൽ 478 ഫലസ്തീൻ ഗ്രാമങ്ങളും സയണിസ്റ്റുകൾ തരിപ്പണമാക്കുകയും ഡസൻ കണക്കിനാളുകളെ കൂട്ടകൊലകൾ നടത്തുകയും ചെയ്തു. അവശേഷിച്ച ഭൂമിയിൽ നിന്ന് ജോർദാൻ ഔദ്യോഗികമായി വെസ്റ്റ് ബാങ്കും (5,655 ച.കിലോമീറ്റർ) ഈജിപ്ത്, ഗസ്സ സ്ട്രിപ്പും (365 ച.കിലോമീറ്റർ) കൂട്ടിച്ചേർത്തു.

തങ്ങൾ ആട്ടിപ്പായിച്ച ഗ്രാമങ്ങളിലേക്കും ഭവനങ്ങളിലേക്കും ഫലസ്തീൻ അഭയാർഥികൾക്ക് തിരിച്ചു വരാൻ സൗകര്യമൊരുക്കണമെന്ന വ്യവസ്ഥയിൽ ഇസ്രായേലിന്, ലോക രാജ്യ സംഘടനയിൽ (യു.

എൻ) അംഗത്വം നൽകി. എന്നാൽ ഇന്നു വരെ ഈ ഉപാധികൾ പൂർത്തീകരിക്കുന്നതിന് സയണിസ്റ്റ് രാജ്യം തരിമ്പും വഴങ്ങിയിട്ടില്ല. ശുദ്ധ വംശീയതയുടെയും മതഭ്രാന്തിന്റെയും പീഡനത്തിന്റെയും അടിത്തറകളിൽ നിലവിൽ നിന്ന രാജ്യമാണിത്. ഔദ്യോഗിക അതിരുകൾ നിജപ്പെടുത്തിയിട്ടില്ലാത്ത, എഴുതപ്പെട്ട ഭരണഘടനയില്ലാത്ത രാജ്യം. ആധുനിക നാഗരികവൽകൃത രാജ്യ സങ്കൽപത്തിന്റെ സ്പഷ്ടമായ മേന്മകളെ മുഴുവൻ തകിടം മറിക്കുന്ന തികഞ്ഞ അരാജകത്വത്തിന്റെ രാഷ്ട്ര രൂപം!

# 16
# 1948- 1967 കാലഘട്ടത്തിന്റെ സ്വഭാവം

അറബ് ഉന്നത സമിതിയിൽ ഫലസ്തീൻ നേതൃത്വത്തെ അൽ ഹാജ് അമീൻ അൽ ഹുസൈനി പ്രതിനിധീകരിച്ചിരുന്നു. സമിതി 1948 സെപ്തംബർ 23ന് ഗസ്സയിൽ അഖില ഫലസ്തീൻ ഗവൺമെന്റ് സ്ഥാപിക്കുകയും 1948 ഓക്ടോബർ 1 ലെ ഗസ്സ സമ്മേളനത്തിൽ സ്വതന്ത്ര ഫലസ്തീൻ പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ ചില അറബ് ഭരണകൂടങ്ങളുടെ ശത്രുതാ മനോഭാവം കാര്യങ്ങൾ തകിടം മറിച്ചു. വേറെ ചിലർ അവഗണനാ നയം കൈക്കൊണ്ടു. ഫലസ്തീനിലെ ഗസ്സയും വെസ്റ്റ് ബാങ്കും ഉൾപ്പെടുന്ന അവശിഷ്ട പ്രദേശങ്ങളിലെങ്കിലും ഭരണം സ്ഥാപിക്കുന്നതിന് ഇത് വലിയ തടസ്സമായി. അടുത്ത വർഷങ്ങളിൽ അതിന്റെ സ്വാധീനം ക്രമേണ ക്ഷയിച്ചു തുടങ്ങി. 1948– 1967 കാലയളവിലുടനീളം അറബ് ഭരണകൂടങ്ങൾക്കിടയിൽ ഏറെ പ്രചാരം സിദ്ധിച്ച മുദ്രാവാക്യങ്ങളായിരുന്നു, 'ദേശീയ വാദ പോരാട്ടം', 'ഐക്യമാണ് സ്വാതന്ത്ര്യത്തിലേക്കുള്ള പാത' തുടങ്ങിയവ. ജമാൽ അബ്ദുന്നാസിറിന്റെ നായകത്വത്തിലാണ് അവ നടന്നിരുന്നത്. വിശ്വസനീയമായ അറബ് പരിഹാരത്തിനുള്ള വഴി തെളിഞ്ഞപ്പോൾ ഫലസ്തീൻ നേതൃത്വത്തിന്റെ പങ്ക് നിഷ്പ്രഭമാവുകയായിരുന്നു.

എന്നാൽ അറബ് ഭരണകൂടങ്ങളിൽ, യുദ്ധം ചെയ്യാനാവശ്യമായ കൃത്യവും വ്യക്തവുമായ പ്രായോഗിക ബോധ്യങ്ങളുടെയും ഗൗരവപൂർണമായ നിലപാടുകളുടെയും കറകളഞ്ഞ ഇച്ഛാശക്തിയുടെയും അഭാവം നിഴലിച്ച് നിന്നിരുന്നു. 1956 ൽ ഈജിപ്തിനെതിരായ, ത്രിമുഖ ആക്രമണങ്ങളുടെ (ഇസ്രായേൽ, ഫ്രാൻസ്, ബ്രിട്ടൻ) മുന്നനുഭ

വങ്ങളിൽ നിന്നോ ഇസ്രായേലിന്റെ ഗസ്സ, സീനായ് അധിനിവേശങ്ങളിൽ നിന്നോ അവർ പാഠം പഠിച്ചിരുന്നില്ല. പല തരം നയതന്ത്ര കാരണങ്ങൾക്കു വേണ്ടിയാണ് അറബ് ഭരണകൂടങ്ങൾ ഫലസ്തീൻ ചെറുത്തുനിൽപിനെ സമീപിച്ചത്; അല്ലാതെ, ഒരു സംഘടിത യുദ്ധ തന്ത്രജ്ഞതയുടെ ഭാഗം എന്ന നിലയിലല്ല.  ജനതയുടെ വികാരങ്ങളിൽ തൊട്ടുള്ള കളിയിലാണ് അവരേർപ്പെട്ടിരുന്നത്; വിമോചനത്തിനു വേണ്ടി സുസജ്ജരാവുന്നതിനു പകരം. അപ്പോഴാകട്ടെ, 'യുവ' സിയോണിസ്റ്റ് രാജ്യം, കൂടുതൽ ശക്തവും ദൃഢവും പുരോഗമനാത്മകവുമായി മാറിക്കഴിഞ്ഞിരുന്നു. വ്യക്തികളുടെയും സംഘങ്ങളുടെയും നൂറുക്കണക്കിന് അതിർത്തി കടക്കലുകളും സൈനിക നീക്കങ്ങളും രംഗം കയ്യടക്കിയിട്ടും അക്കാലയളവിലും ഫലസ്തീനികളുടെ ചെറുത്തുനിൽപുകൾ നിർബാധം നിലനിന്നിരുന്നു.

# 17
# ഫലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ

അഹ്മദ് ശുഖൈരിയുടെ നേതൃത്വത്തിൽ, ഫലസ്തീൻ മണ്ണിൽ രഹസ്യ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും, വിശിഷ്യാ ഫത്ഹിന്റെ, രംഗപ്രവേശമുണ്ടായി. ശേഷം, കാര്യങ്ങൾ നിയന്ത്രണം വിട്ടുപോകുമോ എന്ന ആശങ്കയുണ്ടായിരുന്ന ജമാൽ അബ്ദുന്നാസിറിന്റെ നേരിട്ടുള്ള പിന്തുണയിൽ, 1964ൽ ഫലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ (പി.എൽ.ഒ) സ്ഥാപിതമായി. 1948 ൽ അധിനിവേശത്തിലൂടെ ഇസ്രായേൽ പിടിച്ചെടുത്ത മുഴുവൻ ഫലസ്തീൻ പ്രദേശങ്ങളും വിമോചിപ്പിക്കുക എന്നതായിരുന്നു, പി.എൽ.ഒയുടെ രൂപീകരണലക്ഷ്യം. വിമോചനം എന്ന ഒരൊറ്റ അർഥത്തിൽ, അതിന്റെ ചാർട്ടർ സായുധ പോരാട്ടത്തെ ഊന്നിപ്പറയുന്നുണ്ട്. സുദീർഘ വർഷങ്ങളായി മങ്ങലേറ്റ് കിടന്നിരുന്ന ഫലസ്തീൻ ദേശീയ അസ്തിത്വത്തിന്റെ സാക്ഷാൽക്കാരം എന്ന പരിഗണനയിൽ, ഭൂരിഭാഗം ഫലസ്തീനികളും അതിന്റെ രംഗപ്രവേശത്തെ സ്വാഗതം ചെയ്തു.

1965 കളുടെ തുടക്കത്തിൽ ഫത്ഹ് മൂവ്മെന്റ് അതിന്റെ ആദ്യ വെടി പൊട്ടിച്ചു. ഫത്ഹിന്റെ നായകത്വത്തിലുള്ള ഫലസ്തീൻ കമാൻഡോ ഓർഗനൈസേഷൻ 1968ൽ പി.എൽ.ഒ യിൽ ലയിച്ചു. ഫത്ഹ് നേതാവ് യാസിർ അറഫാത്ത് 1969 ഫെബ്രുവരിയിൽ പി.എൽ.ഒ യുടെ നേതൃത്വം ഏറ്റെടുക്കുകയും 2004 നവംബറിൽ മരണം വരെ തദ്സ്ഥാനത്ത് തുടരുകയും ചെയ്തു. ഫലസ്തീൻ ജനതയെ പ്രതിനിധീകരിക്കുന്ന, നിയമസാധുത്വവും ഔദ്യോഗികാംഗീകാരവുമുള്ള ഏക

സംഘടന എന്ന പദവി 1974 ൽ പി.എൽ.ഒ ക്ക് അറബ് ഭരണകൂടങ്ങൾ പതിച്ചു നൽകി. അതേ വർഷം തന്നെ യു.എന്നിലെ സ്ഥിര നിരീക്ഷ കാംഗത്വ പദവിയും പി.എൽ.ഒ ക്ക് ലഭിച്ചു.

# 18
# 1967 ലെ യുദ്ധവും  ഫലങ്ങളും

1967 ജൂണിലെ യുദ്ധം അറബ് ഭരണകൂടങ്ങൾക്ക് കയ്പുറ്റ പരാജയമാണ് സമ്മാനിച്ചത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവശേഷിച്ച ഫലസ്തീൻ പ്രദേശങ്ങളും നഷ്ടമായി. ഈസ്റ്റ് ജറൂസലം ഉൾപ്പെടുന്ന വെസ്റ്റ് ബാങ്കും ഗാസാ മുനമ്പും ജൂതർ പിടിച്ചടക്കി. 3,30,000 ഫലസ്തീനികൾ പുറത്താക്കപ്പെട്ടു. അതേ സമയം സിറിയയിലെ ഗോലാൻ കുന്നുകളും (1150 ച. കിലോമീറ്റർ)ഈജിപ്തിൽ നിന്ന് സീനായ് പ്രദേശങ്ങളും (61,198 ച.കിലോമീറ്റർ) അധിനിവേശം കവർന്നു. ഔദ്യോഗിക അറബ് ദേശീയവാദികൾ കളം വിട്ടൊഴിഞ്ഞ സന്ദർഭം നോക്കി ഫലസ്തീനി ദേശീയ ചെറുത്തു നിൽപ് മുന്നേറ്റങ്ങൾ ഉടലെടുത്തു.

# 19

# മനുഷ്യന്റെയും ഭൂമിയുടെയും ജൂതവൽക്കരണം

ഫലസ്തീൻ ഭൂമിയെ ജൂതവൽക്കരിക്കാനും അതിന്റെ അറബ് ഇസ്ലാമിക വ്യക്തിത്വത്തെയും നാഗരിക സവിശേഷതകളെയും മാറ്റി മറിക്കാനുമുള്ള ശ്രമങ്ങൾ ഇസ്രായേൽ വർധിപ്പിച്ചിട്ടുണ്ട്. 1948 ൽ ഇസ്രായേൽ കയ്യേറിയ ഭൂമിയുടെ ഏകദേശം 96 ശതമാനത്തിൽ നിന്നും ഫലസ്തീനികളെ ഒഴിപ്പിച്ചു കഴിഞ്ഞു. കുടിയിറക്കപ്പെട്ട ഫലസ്തീനികളുടെ സ്വത്തുക്കളും ഇസ്‌ലാമിക ധർമ സ്ഥാപനങ്ങളുടെ (ഔഖാഫ്)യും അവിടെ അവശേഷിച്ചിരുന്ന അറബികളുടെയും മിക്കവാറും ഭൂമിയും അതിലുൾപ്പെടും. 1948 ൽ പിടിച്ചടക്കിയ ഭൂമിയിൽ സിയോണിസ്റ്റുകൾ, നൂറുക്കണക്കിന് നഗരങ്ങളും കുടിയേറ്റ ഗ്രാമങ്ങളും പണിത് കഴിഞ്ഞു. 1967 ലെ യുദ്ധാനന്തരം വെസ്റ്റ് ബാങ്കിലെ വിശാല പ്രദേശങ്ങളിൽ നിന്നും അവകാശം ഒഴിപ്പിക്കുകയും ക്രമേണ അവിടങ്ങളിൽ ജൂതവൽക്കരണം പൂർത്തീകരിക്കുകയും ചെയ്തു. 160 ലേറെ ജൂത കുടിയേറ്റ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നൂറിലേറെ ഔട്ട്പോസ്റ്റുകൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതിനുപുറമെയാണ് ഭീമൻ വിഭജന ഭിത്തിയും വെസ്റ്റ് ബാങ്കിനെ മരവിപ്പിക്കുന്ന വിധമുള്ള നൂറുക്കണക്കിന് കമ്പിവേലികളും പണിതത്. അധിക ജലസ്രോതസ്സുകളും ഇസ്രായേൽ നിയന്ത്രണത്തിലാണ്. ഗസ്സയെയും വെസ്റ്റ് ബാങ്കിനെയും ഉപരോധ വലയത്തിലാക്കി, പ്രതിഷേധിക്കുന്ന ഫലസ്തീനികളെ മുഴുവൻ രണ്ട് കൂറ്റൻ ജയിലുകളിലേക്ക് തള്ളി. സ്വന്തം മണ്ണിലേക്കും വീടുകളിലേക്കും തിരികെ വരാൻ ഫലസ്തീൻ ജനതയെ വില

ക്കുമ്പോഴും ജൂത കുടിയേറ്റത്തിന് വാതിലുകൾ തുറന്ന് വെച്ചിരിക്കുകയാണ്. 1948 നും 2019 നുമിടയിൽ 3.29 മില്യൻ ജൂതന്മാർ ഇസ്രായേലിലേക്ക് കുടിയേറിയിട്ടുണ്ട്. 2019 അവസാനം വരെയുള്ള കണക്കെടുത്താൽ 6.77 മില്യൻ വരും ഇസ്രായേലിലെ മൊത്തം ജനസംഖ്യ.

# 20
# ജറൂസലമിന്റെ ജൂതവൽക്കരണം

ജറൂസലമിന്റെ ജൂതവൽക്കരണത്തിലാണ് ഇസ്രയേലികൾ അവരുടെ പരിശ്രമത്തിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചത്. നഗരത്തിന്റെ 86 ശതമാനം മേഖലയും ജൂത കുടിയേറ്റക്കാരാൽ നിറച്ചു. (2018 ന്റെ തുടക്കത്തിൽ കിഴക്കും പടിഞ്ഞാറും ജറൂസലമുകളിലായി 5,60,000 ജൂതരും 3,40,000 ഫലസ്തീനികളുമുണ്ടായിരുന്നു). മസ്ജിദുൽ അഖ്സ്വാ നിലകൊള്ളുന്ന ഈസ്റ്റ് ജറൂസലമിൽ 2,20,000 ജൂതന്മാരാണ് കുടിയേറ്റം നടത്തിയിരുന്നത്. എന്നാൽ അതിനു ശേഷം നഗരത്തെ വലയം ചെയ്ത് കുടിയേറ്റങ്ങളുടെ നീണ്ട നിര രൂപപ്പെടുത്തിയിരിക്കുന്നു. ജറൂസലമിനെ അറബ് -ഇസ്‌ലാമിക പരിസര പ്രദേശങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കുകയാണ് ഉദ്ദേശ്യം. ജറൂസലമിനെ ഇസ്രായേലിന്റെ ആജീവനാന്ത തലസ്ഥാനമായി അവർ പ്രഖ്യാപിച്ചു കഴിഞ്ഞു. മസ്ജിദുൽ അഖ്സക്കു മേലുള്ള നിയന്ത്രണം നിലനിർത്തുന്നതിൽ ഇസ്രായേലികൾ എന്തെന്നില്ലാത്ത പ്രാധാന്യം കൽപിച്ചു പോരുന്നു. അഖ്സ്വയുടെ പടിഞ്ഞാറൻ മതിൽ (ബുറാഖ് മതിൽ) അവർ പിടിച്ചെടുത്ത് തങ്ങളുടേതാക്കി മാറ്റി. അഖ്സയുടെ തകർച്ചയിലേക്ക് നയിച്ചേക്കാവുന്ന വിധം അന്തർഭാഗത്തും ചുറ്റുഭാഗങ്ങളിലും ഉൽഘനനങ്ങൾ നടത്തി. 2017 വരെ ഈ തരത്തിൽ നടത്തിയ ഉൽഘനനങ്ങളുടെയും നിർമിച്ച ടണലുകളുടെയും എണ്ണം 64 വരും. ജറൂസലം നിവാസികളും ഫലസ്തീനികളും ദൃഢചിത്തതയോടെ അവർക്കെതിരെ ഒരുമിച്ച് നിന്ന ഒരു ഘട്ടത്തിൽ, പരമാവധി ഭൂഭാഗങ്ങൾ കരസ്ഥമാക്കാനായി നൂറുക്കണ

ക്കിന് കടന്നാക്രമണങ്ങൾ ഇസ്രായേൽ നടത്തി. 1993 ലെ ഓസ്‌ലോ ഉടമ്പടിക്കു ശേഷം ഡസൻ കണക്കിന് കയ്യേറ്റങ്ങളാണ് ഇസ്രായേലികൾ അഖ്സാ പള്ളിക്കുമേൽ അഴിച്ചുവിട്ടത്. ഈ ആക്രമണങ്ങളിൽ ഏറ്റവും കുപ്രസിദ്ധമായത്, 1969 ആഗസ്ത് 21ൽ അഖ്സ്വ ഭാഗികമായി അഗ്നിക്കിരയാക്കിയ സംഭവമാണ്.

# 21
# അഭയാർഥികളും തിരിച്ചു വരവിനുള്ള അവകാശവും

ഫലസ്തീൻ അഭയാർഥികൾക്ക് തങ്ങളുടെ വീടുകളിലേക്കും ഗ്രാമങ്ങളിലേക്കും തിരിച്ചു വരാനുള്ള  അവകാശമുണ്ടെങ്കിലും പൈതൃക ഭൂമിക്കു വെളിയിൽ പുനരധിവാസം നടത്താനുള്ള അവരുടെ എല്ലാ ശ്രമങ്ങളും തള്ളപ്പെടുകയായിരുന്നു. 1948 ൽ വിട്ടേച്ചു പോയ ഭൂമിയിലേക്ക് തിരിച്ചെത്താനുള്ള അവകാശം ഉറപ്പുകൊടുക്കുന്ന പ്രമേയം യു.എൻ അംഗീകരിച്ചിട്ടും (1948ൽഅംഗീകരിച്ച 194– നമ്പർ പ്രമേയം) ഇതാണ് സ്ഥിതി!

കഴിഞ്ഞ നിരവധി വർഷങ്ങളിലായി പ്രസ്തുത അവകാശം ആവർത്തിച്ച് സ്ഥിരീകരിക്കപ്പെട്ടെങ്കിലും ഇസ്രായേലിന്റെ സൈദ്ധാന്തിക വാശിയാലും അന്താരാഷ്ട്ര സമൂഹത്തിന്റെ ഇച്ഛാശക്തിയുടെ അഭാവത്താലും അവയിലൊന്നു പോലും പ്രാവർത്തികമാകാതെ പോയി. 1949 ഡിസംബർ 8 നാണ് 'ഫലസ്തീനികളുടെ ദുരിതാശ്വാസത്തിനും തൊഴിലിനും വേണ്ടിയുള്ള ഐക്യരാഷ്ട്രസഭ ഏജൻസി'ക്ക് (UNR-WA) യു.എൻ രൂപം നൽകിയത്. വെസ്റ്റ് ബാങ്ക്, ഗസ്സ, ജോർദാൻ, സിറിയ, ലബനാൻ എന്നിവ ഉൾക്കൊള്ളുംവിധം അതിന്റെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

2020 ന്റെ ആരംഭത്തിൽ ഫലസ്തീന് പുറത്ത് താമസിക്കുന്ന അഭയാർഥികളുടെ എണ്ണം 6.714 മില്യനാണ്. 1948 മുതൽ അധിനിവിഷ്ട ഭൂമികളിൽ താമസിച്ചു വരുന്ന, ഗസ്സ, വെസ്റ്റ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള 2.129 മില്യനും 1948 ൽ അധിനിവിഷ്ട പ്രദേശങ്ങളിൽ താ

മസിക്കുകയും എന്നാൽ സ്വന്തം ഗ്രാമങ്ങളിൽ നിന്നും വീടുകളിൽ നിന്നും പുറം തള്ളപ്പെടുകയും ചെയ്ത 1,50,000 പേരും. ഏകദേശം 8.99 മില്യൻ ഫലസ്തീനികൾ, അഭയം നഷ്ടപ്പെട്ടവരായുണ്ട്. 2020 ന്റെ തുടക്കത്തിലെ കണക്കനുസരിച്ച് ഫലസ്തീൻ ജനതയുടെ 67 ശത മാനം അഥവാ 13.35 മില്യൻ വരും അഭയാർഥികളുടെ എണ്ണം. ലോക തലത്തിലെ കണക്ക് നോക്കുമ്പോൾ, അഭയാർഥി എണ്ണത്തിലെ ഈ നിരക്ക് വളരെ ഭീമമാണ്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മാനുഷിക പ്രശ്നമാണിത്.

## 22

# യു. എന്നും ഫലസ്തീൻ പ്രശ്നവും

1949 മുതൽ 1970 തുടക്കം വരെ യു.എൻ ഫലസ്തീൻ ചോദ്യത്തെ നേരിട്ടത് ഒരു അഭയാർഥി പ്രശ്നം എന്ന നിലയിലാണ്. എന്നാൽ 1974നു ശേഷം, യു.എൻ പ്രമേയങ്ങൾ കൊണ്ട് വരാൻ തുടങ്ങി. ഫലസ് തീനികളുടെ സ്വയം നിർണയാവകാശം ഉറപ്പുവരുത്തുന്നതും അവ കാശങ്ങൾ വീണ്ടെടുക്കുന്നതിന് അവർ നടത്തുന്ന സായുധ സമര ങ്ങൾ ഉൾപ്പെടെയുള്ള ചെറുത്തുനിൽപുകൾ അംഗീകരിക്കുന്നതുമാ യിരുന്നു, യു.എൻ.പൊതുസഭ പാസ്സാക്കിയ ഭൂരിഭാഗം പ്രമേയങ്ങളും. ഒരു പടി കൂടി കടന്ന്, സയണിസം എന്നത് വംശീയ വിവേചനത്തി ന്റെ ദർശനമാണെന്ന് ആഗോള സമിതി പ്രഖ്യാപിക്കുകയും സ്വന്തം വാസസ്ഥലങ്ങളിലേക്ക് മടങ്ങി വരാനുള്ള ഫലസ്തീൻ അഭയാർഥി കളുടെ അവകാശം സ്ഥിരീകരിക്കുകയും ചെയ്തു. ഇങ്ങനെയൊക്കെ യാണെങ്കിലും ഈ പ്രമേയങ്ങളുടെ തിരസ്കാരത്തിലും ലംഘനത്തി ലും അവഹേളനത്തിലുമെല്ലാം അമേരിക്കയും അവരുടെ കൂട്ടാളി രാ ജ്യങ്ങളും ഇസ്രയേലിനെ പിന്തുണച്ചു കൊണ്ടിരിക്കുന്നു. ഈ പ്രമേ യങ്ങളുടെ പ്രയോഗവൽക്കരണം തടയാൻ രക്ഷാസമിതിയിൽ അമേ രിക്ക ഇടക്കിടെ വീറ്റോ അധികാരം ഉപയോഗിക്കുകയും ചെയ്യുന്നു.

# 23

# 1967 യുദ്ധാനന്തരമുള്ള ഫലസ്തീൻ ചെറുത്തു നിൽപ്

1967– 1970 കാലഘട്ടം ഫലസ്തീൻ ചെറുത്തു നിൽപിന്റെയും കമാന്റോ ഓപ്പറേഷനുകളുടെയും സുവർണ യുഗത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. 1971 മുതൽ ജോർദാൻ മണ്ണ് അതിനായി ഉപയോഗിക്കുന്നത് തടയപ്പെട്ടിരുന്നു. പിന്നീടങ്ങോട്ട് ലബനാൻ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ  നടന്നതെങ്കിലും ചെറുത്തുനിൽപിനെ അടിയോടെ പിഴുതെറിയാനുള്ള നിരവധി ശ്രമങ്ങൾ അവിടെയുമുണ്ടായി. പ്രത്യേകിച്ചും 1975–1990 കാലത്തെ ആഭ്യന്തര യുദ്ധവേളയിൽ. 1978 ലെ ദക്ഷിണ ലബനാൻ അധിനിവേശം, അവിടെ ഒരു സുരക്ഷാ മേഖല സ്ഥാപിക്കൽ, തൊട്ടുടനെ 1982ലുണ്ടായ രാജ്യത്തിന്റെ ദക്ഷിണ–മധ്യഭാഗങ്ങൾ മുതൽ തലസ്ഥാനമായ ബൈറൂത്ത് വരെ നീണ്ട അധിനിവേശം, പി.എൽ.ഒ യുടെ ആന്തരിക ഘടനയുടെ നശീകരണം, പി.എൽ.ഒയെയും അതിന്റെ യോദ്ധാക്കളെയും ലബനാനിൽ നിന്ന് നിർബന്ധിച്ച് പിൻവലിക്കൽ ഉൾപ്പെടെ ഇടമുറിയാത്ത ആക്രമണങ്ങളാണ്, ലബനാനിനെതിരെ ഇസ്രായേൽ ചെയ്ത് കൂട്ടിയത്. അതോടെ അറബ് രാജ്യങ്ങളുടെ ഇസ്രയേലുമായുള്ള എല്ലാ അതിർത്തികളും അടച്ചിടാൻ തുടങ്ങി.

# 24
# ഔദ്യോഗിക അറബ് പിന്തുണ പിൻവലിക്കൽ

പൊതുവെ പറഞ്ഞാൽ, ഫലസ്തീൻ വിപ്ലവം അതിന്റെ അറബ് സഹോദരങ്ങളാൽ അതീവ നിന്ദ്യമായ തിരിച്ചടികൾ നേരിടേണ്ടി വന്നിട്ടുണ്ട്. ചെറുത്തുനിൽപ് പോരാളികളെ നിയന്ത്രിക്കാനും സ്വന്ത മാക്കാനും അവരുടെ പേരിൽ സംസാരിക്കാനും അവരെയും മറിക ടന്ന് ഇടപെടാനും ശ്രമിച്ച അറബ് ഭരണകൂടങ്ങളുമായുള്ള സംഘർ ഷത്തിൽ അവരുടെ ശക്തിയും രക്തവും ഏറെ ഹോമിക്കപ്പെട്ടു. 1973 ഓക്ടോബറിനു ശേഷമുള്ള ഇസ്രയേലിനെതിരായ യുദ്ധവും ഫലസ് തീൻ ജനതയുടെ പ്രാതിനിധ്യമുള്ള ഏക ഔദ്യോഗിക വേദിയായി പി.എൽ.ഒ 1974 ൽ നേടിയ അംഗീകാരവും ഫലസ്തീനോടുള്ള അറ ബ് ഉത്തരവാദിത്വബോധത്തെ ക്ഷയിപ്പിക്കാൻ തുടങ്ങി. 1978 സെപ് റ്റംബറിൽ ഇസ്രായേലുമായി, ക്യാമ്പ് ഡേവിഡ് കരാറിൽ ഒപ്പുവെച്ച തോടെ ഏറ്റവും കരുത്തുറ്റ അറബ് ശക്തിയായ ഈജിപ്ത്, അറബ് -ഇസ്രായേൽ സംഘർഷത്തിൽ നിന്ന് പുറത്തു കടന്നു. അതേപോലെ 1980-1988ലെ ഇറാഖ് - ഇറാൻ യുദ്ധം, 1980 കളിലെ എണ്ണ വിലയിലെ കൂപ്പുകുത്തൽ എന്നിവ ഗൾഫ് നാടുകളിൽ നിന്ന് ഫലസ്തീൻ പോ രാട്ടത്തിനുള്ള സാമ്പത്തിക പിന്തുണക്ക് ഗണ്യമായ തോതിൽ ഇടി വ് വരുത്തി. 1990 ലെ ഇറാഖിന്റെ കുവൈത്ത് അധിനിവേശവും തദ് ഫലമായുണ്ടായ യുദ്ധവും പി.എൽ.ഒ ക്ക് നേരെയുള്ള നിഷേധാത്മ കമായ ഗൾഫ് നിലപാടുമെല്ലാം ഈ തിരിച്ചടിയെ കൂടുതൽ വഷളാ ക്കി. സോവിയറ്റ് യൂനിയന്റെയും കിഴക്കൻ ബ്ലോക്കിന്റെയും തകർച്ച

ഫലസ്തീൻ ചെറുത്തു നിൽപിനെ കൂടുതൽ ക്ഷീണിപ്പിക്കുകയും സമാധാന ഉടമ്പടിയിൽ പി.എൽ.ഒ. നേതൃത്വത്തിന്റെ മേൽക്കൈയും സ്വാധീനവും നഷ്ടപ്പെടുത്തുകയുമുണ്ടായി.

## ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആവിർഭാവം

1970കളുടെ മധ്യത്തിൽ ഇസ്‌ലാമിക ചെറുത്തു നിൽപ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഫലസ്തീനകത്തും പുറത്തും പ്രചുരപ്രചാരം സിദ്ധിച്ചു. സ്റ്റുഡന്റ്സ് യൂനിയനുകൾ, പ്രൊഫഷനൽ യൂനിയനുകൾ, ജീവ കാരുണ്യ - സാമൂഹിക പ്രവർത്തനങ്ങൾ എന്നിവക്ക് നായകത്വം നൽകുന്നതിൽ അത് മുഖ്യ പങ്കുവഹിച്ചു. അധിനിവിഷ്ട ഫലസ്തീനിയൻ പ്രദേശങ്ങളിൽ 1970 കൾക്കൊടുവിൽ രൂപം കൊണ്ട ഉസ്റത്തുൽ ജിഹാദ് (Family of Jihad), ഫത്ഹി ശിഖാഖിയുടെ നേതൃത്വത്തിൽ 1980- ലുണ്ടായ ഫലസ്തീനിയൻ ഇസ്‌ലാമിക് ജിഹാദ് മൂവ്മെന്റ്, 1980 കളുടെ തുടക്കത്തിൽ ശൈഖ് അഹ്മദ് യാസീൻ നേതൃത്വം നൽകിയ ദ ഫലസ്തീനിയൻ മുജാഹിദൂൻ ഓർഗനൈസേഷൻ പോലുള്ള ഇസ്‌ലാമിക ചെറുത്തുനിൽപ് പ്രസ്ഥാനങ്ങളും കൂട്ടത്തിൽ കരുത്താർജിച്ചു.

# 25
# ഒന്നാം ഇൻതിഫാദ (1987 - 1993)

ഒന്നാം ഇൻതിഫാദ (1987 ഡിസംബർ – 1993 സെപ്റ്റംബർ കാലത്തെ ഉയിർത്തെഴുന്നേൽപ്) വെസ്റ്റ് ബാങ്കിലെയും ഗസ്സയിലെയും ഫലസ്തീനികൾക്ക് വലിയ ശ്രദ്ധ നേടിക്കൊടുത്ത സംഭവമാണ്. ഇതിനകം ഫലസ്തീനിയൻ ചെറുത്തുനിൽപിന്റെ സുപ്രധാന ഘടകമായി മാറിക്കഴിഞ്ഞ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സാന്നിധ്യം അതിൽ വളരെയേറെ സ്പഷ്ടമായിരുന്നു. പ്രത്യേകിച്ചും ഇൻതിഫാദയുടെ പ്രാരംഭത്തിൽ തന്നെ ഔദ്യോഗികമായി അത് പ്രഖ്യാപിച്ച, ഇസ്‌ലാമിക് റസിസ്റ്റന്റ് മൂവ്മെന്റ് അഥവാ ഹമാസിന്റെ പങ്ക്. 'കല്ലിന്റെ മക്കളുടെ' തലമുറ പ്രത്യക്ഷപ്പെടുകയും സാമൂഹിക ഐക്യദാർഢ്യം ഉരുവം കൊള്ളുകയും ചെയ്തു. ഇൻതിഫാദ, അറബ് –ഇസ്‌ലാമിക ലോകത്തിന്റെ, വിശിഷ്യാ, അന്താരാഷ്ട്ര സമൂഹത്തിന്റെ, സഹതാപവും ഐക്യദാർഢ്യവും ഏറ്റുവാങ്ങി. ഫലസ്തീൻ പ്രശ്നം, ലോക ശ്രദ്ധയുടെ പ്രഥമ സ്ഥാനത്ത് കൊണ്ട് വരാൻ അതുമുഖേന സാധ്യമായി. പക്ഷെ, നിലവിലെ സാഹചര്യങ്ങളും അതിനോട് സന്ധി ചെയ്യുന്ന ഫലസ്തീനികളുടെയും അറബ് നേതൃത്വത്തിന്റെയും പൊതു മനോഭാവവും കാരണം, ഈ അനുകൂലാവസ്ഥ മുതലാക്കാനോ അതുവഴി സ്വാതന്ത്ര്യത്തിന്റെ പാതയിൽ വൻപിന്തുണ സമാഹരിക്കാനോ സാധ്യമായില്ല. ഇസ്രായേലുമായുള്ള സമാധാന കരാറിന്റെ രൂപത്തിൽ, അതിവേഗ രാഷ്ട്രീയ താൽപര്യത്തിനു വേണ്ടി അവരിത് ചൂഷണോപാധിയാക്കി മാറ്റുകയും ചെയ്തു.

# 26

# സമാധാന പ്രക്രിയകളിലേക്കുള്ള പി.എൽ.ഒ.യുടെ ഗതി മാറ്റം

പി.എൽ.ഒ യെ ഗ്രസിച്ച തുടർച്ചയായ ദൗർബല്യങ്ങൾക്കൊപ്പം, ഇസ്രയേലുമായുള്ള സമാധാന ഉടമ്പടിയെ പിന്തുണക്കുന്ന ഘടകങ്ങൾ കൂടി ക്രമേണ സംഘടനയെ കീഴ്പ്പെടുത്തിത്തുടങ്ങി. ഇത് ആത്യന്തികമായി സ്വതന്ത്ര ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കുകയെന്ന 1988 നവംബറിലെ തീരുമാനം കൈക്കൊള്ളുന്നതിലേക്കും ജൂതർക്കും അറബികൾക്കും രണ്ട് രാജ്യങ്ങളായി ഫലസ്തീനെ വിഭജിക്കാൻ നിർദേശിക്കുന്ന, 181-നമ്പർ യു.എൻ. പ്രമേയം അംഗീകരിക്കുന്നതിലേക്കും പി.എൽ.ഒയെ നയിച്ചു. 1991 ഓക്ടോബറിൽ മാഡ്രിഡിൽ പി.എൽ.ഒ ഇസ്രാഈലുമായി സമാധാന ചർച്ചകളിലേക്ക് പ്രവേശിച്ചു. അതിനിടെ 1992 ഡിസംബർ മുതൽ നോർവെയിലെ ഓസ്‌ലോയിൽ ചർച്ചകൾ നടന്നു. അതാണ് പിന്നീട് ഓസ്‌ലോ ഉടമ്പടിയുടെ (ഗസ്സ - ജെറീക്കോ പ്രഥമ കരാർ ) രൂപരേഖയിലേക്ക് നയിച്ചത്. 13 - 9 -1993 ന് വാഷിംഗ്ടണിൽ ഇസ്രായേലും പി.എൽ.ഒയും കരാറിൽ ഔദ്യോഗികമായി ഒപ്പു ചാർത്തി.

# 27

# ഗസ്സ - ജെറീക്കോ ഒന്നാം ഉടമ്പടി

ഗസ്സ – ജെറീക്കോ ഒന്നാം ഉടമ്പടിയിലൂടെ പി.എൽ.ഒ. നേതൃത്വം ഇസ്രായേലിന്റെ നിലനിൽക്കാനുള്ള അവകാശം അംഗീകരിക്കുകയും 77 ശതമാനം ഫലസ്തീൻ ഭൂമിയിലുള്ള അധിനിവേശം ശരിവെക്കുകയും ചെയ്തു. സായുധ പോരാട്ടവും ഇൻതിഫാദയും നിർത്തലാക്കാനും ഫലസ്തീന്റെ സമ്പൂർണ സ്വാതന്ത്ര്യവും ഇസ്രായേലിന്റെ ഉൻമൂലനവും വ്യവസ്ഥ ചെയ്യുന്ന പി.എൽ.ഒ ദേശീയ ചാർട്ടറിലെ എല്ലാ നിയമങ്ങളും റദ്ദു ചെയ്യാൻ തങ്ങൾ പ്രതിജ്ഞാബദ്ധമായിരിക്കുമെന്ന് അവർ വ്യക്തമാക്കി. എല്ലാ പ്രശ്നങ്ങളും സമാധാനപരമായ മാർഗേണ പരിഹരിക്കണമെന്ന് ഉടമ്പടി അനുശാസിക്കുന്നു. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കാവുന്ന, ഈ കീഴടങ്ങലിന് പകരമായി പി.എൽ.ഒ നേതൃത്വം ഇസ്രായേലിൽ നിന്ന് ഫലസ്തീൻ ജനതയുടെ ഏക പ്രതിനിധാനമെന്ന നിലയിലുള്ള അംഗീകാരം സ്വീകരിച്ചു. പരിമിതമായ സ്വയം ഭരണമായിരുന്നു ഗസ്സയിലും വെസ്റ്റ് ബാങ്കിലും നൽകപ്പെട്ടിരുന്നത്. സംഘർഷവുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രശ്നങ്ങളിലെ തീരുമാനങ്ങളിൽ അടുത്ത അഞ്ചു വർഷങ്ങൾക്കിടയിലായിരിക്കും തീർപ്പ് കൽപിക്കപ്പെടുക എന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അടുത്ത ആറു വർഷങ്ങൾക്കധികം കാലത്തെ ചർച്ചകൾ കൊണ്ടും സ്വയം ഭരണാധികാര നിയമത്തിന്റെ വൃത്തം വികസ്വരമാകാതെ കിടക്കുകയായിരുന്നു.

എന്നാൽ, 4 –9 – 1999 ലെ ശറമുശ്ശൈഖ് മെമ്മോറാണ്ടത്തിനു ശേഷം ഗസ്സയെ ഒഴിച്ചു നിർത്തി, വെസ്റ്റ് ബാങ്കിന്റെ 18 ശതമാനം ഭാഗങ്ങ

ളിൽ (എ മേഖല)മാത്രമുള്ള ഭരണാധികാരവും സുരക്ഷാ നിയന്ത്രണവും വെസ്റ്റ് ബാങ്കിന്റെ 22 ശതമാനം ഭാഗങ്ങളിലെ (ബി മേഖല) നിയന്ത്രിത ഭരണാധികാരവും നീട്ടി നൽകപ്പെട്ടു. ശേഷിക്കുന്ന വെസ്റ്റ് ബാങ്കിന്റെ 60 ശതമാനം ഭാഗത്ത് ഇസ്രായേൽ അധിനിവേശവും ഭരണാധികാരവും സുരക്ഷാ നിയന്ത്രണവും തുടരുമെന്നുമായിരുന്നു വ്യവസ്ഥ. അങ്ങിനെ ഫലസ്തീൻ അഥോറിറ്റി (പി.എ)യുടെ നിയന്ത്രണ മേഖലകൾ ഒറ്റപ്പെട്ട തുരുത്തുകളായി ഫലസ്തീൻ ജനസംഖ്യാ സാന്ദ്രതയുള്ളിടങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടു. ഈ സ്ഥിതി വിശേഷത്തിന് ഔദ്യോഗികമായി ഇന്നോളം മാറ്റമുണ്ടായില്ല.

# 28
# ഓസ്ലോ ഉടമ്പടിയെക്കുറിച്ച തടസ്സവാദങ്ങൾ

നിരവധി ഫലസ്തീനികളിൽ നിന്നും അറബ് മുസ്ലിംകളിൽ നിന്നും ഓസ്ലോ ഉടമ്പടി കടുത്ത എതിർപ്പുകളും വിമർശനങ്ങളും നേരിട്ടിരുന്നു. അവ ഇങ്ങനെ സംക്ഷേപിക്കാം:

1- ഫലസ്തീൻ ജനതയുടെ മനസ്സറിയാൻ ശ്രമിക്കാതെ തികച്ചും ഏകപക്ഷീയമായാണ്, ഓസ്ലോ ഉടമ്പടിയും അനുബന്ധ കരാറുകളും പി.എൽ.ഒ നേതൃത്വം അംഗീകരിച്ചത്. അവരിലെ പ്രബല ഗ്രൂപ്പുകളായ ഇസ്ലാമിസ്റ്റുകൾ, ഇടതന്മാർ, ദേശീയവാദികൾ, ഒരു പരിധി വരെ ഫത്ഹ് പോലും അതിശക്തിയായി ഈ ഇടപാടിനോട് വിയോജിച്ചു.

2- അതിപ്രധാനവും വൈകാരികവുമായ പ്രശ്നങ്ങളിൽ ഒത്തുതീർപ്പിലെത്തിയില്ല. അനിശ്ചിതമായ വലിച്ചു നീട്ടലിനായി, അതിശക്തനും കൗശലക്കാരനുമായ ഇസ്രായേലിന്റെ 'ഔദാര്യ'ത്തിന് വിട്ടുകൊടുത്ത കാര്യങ്ങൾ ഇവയാണ്:

- ജറൂസലമിന്റെ ഭാവി
- ഫലസ്തീൻ അഭയാർഥികളുടെ തിരിച്ചുവരവ്
- [4] വെസ്റ്റ് ബാങ്കിലെ ജൂത കുടിയേറ്റത്തിന്റെ ഭാവി
- ഫലസ്തീനിയൻ അസ്തിത്വത്തിന്റെയും പരമാധികാരത്തിന്റെയും ഭാവി.

3- സുരക്ഷയിലും ഫലസ്തീനിയൻ പ്രദേശങ്ങളുടെ വിമോചന

*4 2005 ശരത്കാലത്ത് ഗസ്സയിലെ കുടിയേറ്റങ്ങളിൽ നിന്ന് ഇസ്രായേലികൾ പിൻവലിയുകയുണ്ടായി.*

കാര്യത്തിലും ഇസ്രായേൽ താൽപര്യങ്ങൾക്ക് വഴങ്ങുന്ന ഒരു പദ്ധതി യാണിത്.

4- വളരെ പരിമിതമായ ഭരണനിർവഹണാധികാരങ്ങൾ മാത്രമുള്ള വികലമായ സ്വയംഭരണാവകാശമാണ്, കരാറിന്റെ അനന്തര ഫലം. ഇത് അധിനിവേശവുമായി ബന്ധപ്പെട്ടു നിൽക്കുന്നതും നേരിട്ട് അതിന്റെ ആധിപത്യത്തിനു കീഴിലുള്ള ഒന്നുമാണ്. ഫലസ്തീൻ അഥോറിറ്റി പാസ്സാക്കുന്ന എല്ലാ പ്രമേയങ്ങളും നിയമനിർമാണങ്ങളും വീറ്റോ ചെയ്യാനുള്ള അധികാരം കരാർ പ്രകാരം ഇസ്രായേലിൽ നിക്ഷിപ്തമാണ്. സ്വന്തമായ സൈന്യത്തെ റിക്രൂട്ട് ചെയ്യുന്നത് ഇതു പ്രകാരം നിരോധിക്കപ്പെട്ടു. മുൻകൂട്ടി ഇസ്രായേലിന്റെ അനുവാദം വാങ്ങണമെന്ന കടുത്ത വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ, 'സ്വയംഭരണ' പ്രദേശങ്ങളിലേക്ക് ആയുധ സാമഗ്രികൾ പ്രവേശിപ്പിക്കാൻ പാടുള്ളൂ.

5- ഇസ്രായേലിനെതിരായ എല്ലാ സൈനിക ചെറുത്തുനിൽപുകളിൽ നിന്നും വിട്ടു നിൽക്കണം. തങ്ങളുടെ ആളുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഏത് ചെറുത്തു നിൽപും നിർവീര്യമാക്കാൻ ഫലസ്തീൻ അഥോറിറ്റി പ്രതിജ്ഞാബദ്ധമായിരിക്കും. ഇസ്രായേലുമായുള്ള 'സമാധാനം' കാത്തു സൂക്ഷിക്കണം.

6- അതിർത്തികൾ ഇസ്രായേലിന്റെ അധികാര നിയന്ത്രണത്തിലായിരിക്കും. ഫലസ്തീൻ അഥോറിറ്റിക്ക് കീഴിലെ പ്രദേശങ്ങളിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തു പോകുമ്പോഴും ഇസ്രായേലിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം.

7- സ്വയം നിർണയാവകാശത്തിനും സ്വതന്ത്ര രാജ്യം സ്ഥാപിക്കാനുമുള്ള ഫലസ്തീനി അവകാശങ്ങളെ ഉടമ്പടി ഒട്ടും കൃത്യപ്പെടുത്തുന്നില്ല. അധിനിവിഷ്ട ഭൂപ്രദേശങ്ങളായി ഗസ്സയെയും വെസ്റ്റ് ബാങ്കിനെയും പരാമർശിക്കുന്നു പോലുമില്ല.

8- ഇസ്രായേലുമായി കരാറുകളുണ്ടാക്കാനും ബന്ധങ്ങൾ സ്ഥാപിക്കാനുമായി അറബ് -ഇസ്‌ലാമിക രാജ്യങ്ങൾക്കു മുമ്പാകെ ഈ കരാർ എല്ലാ കവാടങ്ങളും വിശാലാർഥത്തിൽ തുറന്നു കൊടുക്കുന്നു.

9- ഓസ്‌ലോ കരാറിനു ശേഷമുള്ള കാൽ നൂറ്റാണ്ടിലേറെയുള്ള കാലം സമാധാന പദ്ധതികൾ കൈകാര്യം ചെയ്യുന്നതിലും ഫലസ്തീൻ അഥോറിറ്റിയെ, അവരുടെ സ്വന്തം ജനതയുടേതിനേക്കാളുപരി, തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്ന അഥോറിറ്റിയായി രൂപമാറ്റം വരുത്തിയെടുക്കുന്നതിലും ഫലസ്തീൻ ഭൂമിയെയും ജനത

യെയും ജൂതവൽക്കരണത്തിനുള്ള ഒരു മറ എന്ന നിലയിൽ ഉപയോഗപ്പെടുത്തുന്നതിലും ഇസ്രായേൽ വിജയിച്ചിട്ടുണ്ട്. കൂടാതെ, ജറൂസലമിന്റെ ജൂതവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് വെസ്റ്റ് ബാങ്കിലെ കുടിയേറ്റക്കാരുടെ എണ്ണം 2,80,000ൽ നിന്ന് 800000ലേക്ക് വർധിപ്പിക്കുകയും കുടിയേറ്റക്കാർക്കായി ഫലസ്തീൻ ഭൂമി കണ്ടു കെട്ടുകയും ചെയ്തിട്ടുണ്ട്. ഓസ്ലോ കരാറിനെ അവഗണിച്ചും 'ട്രമ്പ് ഡീലി'നെ സ്വീകരിച്ചും വെസ്റ്റ് ബാങ്കിന്റെ വലിയ ഭാഗം കൂട്ടിച്ചേർത്തും ഗസ്സയുടെ ഉപരോധം തുടർന്നും ഇസ്രായേൽ അധിനിവേശം തുടരുകയാണ്.

# 29
# അൽ അഖ്സ്വാ ഇൻതിഫാദ 2000-2005

29-9-2000 ൽ ആരംഭിച്ച അൽ അഖ്സാ ഇൻതിഫാദ ഊന്നിപ്പറഞ്ഞത് ഫലസ്തീൻ ജനത അവരുടെ അവകാശത്തോടും മണ്ണിനോടും ഒട്ടി നിൽക്കുന്നുവെന്നാണ്. ഫലസ്തീൻ പ്രശ്നത്തിന്റെ ഇസ്ലാമിക വശം അത് സുവ്യക്തമായി പ്രകാശിപ്പിച്ചു. അതോടൊപ്പം, ഇസ്രയേലിന്റെ അധർമവൃത്തികളെയും അവർക്കിടയിലെ സമാധാനത്തിന്റെ വക്താക്കളായി ചമയുന്നവരുടെ വികൃതമുഖവും അത് തുറന്ന് കാട്ടി. ഫലസ്തീനികളുടെയും മുസ്ലിം ഉമ്മത്തിന്റെയും അടിസ്ഥാനാവകാശങ്ങളുടെ ചെലവിൽ സംഘടിപ്പിച്ച സമാധാന ഒത്തുതീർപ്പ് പദ്ധതിക്കുള്ള വായടപ്പൻ മറുപടിയായിരുന്നു, ഇൻതിഫാദ. ഫലസ്തീൻ ജനത അങ്ങേയറ്റത്തെ ഞെരുക്കവും കഷ്ടതകളും അനുഭവിക്കുന്ന ഘട്ടത്തിൽ, ഫലസ്തീൻ അഥോറിറ്റിയുടെ മിക്ക അധീന പ്രദേശങ്ങളും ഇസ്രായേലികൾ പുനരധിനിവേശം ചെയ്തു. ഫലസ്തീൻ ജനതയുടെ എല്ലാ അടരുകളും ഭാഗഭാക്കായ, അവരുടെ ദൃഢചിത്തതയിലൂടെയും സാഹസിക ചെറുത്തുനിൽപുകളിലൂടെയും, ഇസ്രായേലിനെത്തന്നെ നിലനിർത്തുന്ന സുരക്ഷയും സാമ്പത്തികമാവുന്ന രണ്ട് നെടും തൂണുകൾ കുലുങ്ങി വിറച്ചു. ഫലസ്തീൻ ജനതയുടെ ധീരോദാത്തമായ ചെറുത്തു നിൽപിന്റെ ഫലമായി, 2005 സെപ്റ്റംബറിൽ ഗസ്സയിൽ നിന്ന് പിന്മാറാനും അവിടത്തെ കുടിയേറ്റങ്ങൾ പൊളിച്ച് മാറ്റാനും ഇസ്രായേൽ നിർബന്ധിതരായി. തുടക്കം മുതൽ ഫലസ്തീൻ അഥോറിറ്റിയെ നയിച്ച യാസിർ അറഫാത്തിന്റെ വിയോ

ഗം, ഫലസ്തീനികൾ അവിടത്തെ പ്രസിഡൻഷ്യൽ, മുനിസിപ്പാലിറ്റി, നിയമ നിർമാണ സഭ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകിയത്, സ്ഥിതിഗതികൾ ശാന്തമാക്കുന്നതിന്റെ ഭാഗമായി 2005 മാർച്ച് 17 ന് മുഴു ഗ്രൂപ്പുകളുടെയും ഭാഗഭാഗിത്വത്തിൽ അംഗീകരിച്ച കരാർ തുടങ്ങിയ എല്ലാ ഘടകങ്ങളും ചേർന്നപ്പോൾ അൽ അഖ്സ്വാ ഇൻതിഫാദ പതിയെ നിലച്ചു.

# 30
# രാഷ്ട്രീയ ഉപജാപങ്ങൾ

2006 ആരംഭത്തിലെ ഫലസ്തീൻ ലെജിസ്ലേറ്റീവ് കൗൺസിൽ (പി. എൽ.സി) തെരഞ്ഞെടുപ്പിലെ ഹമാസ് വിജയം, ഇസ്‌ലാമിക പ്രസ്ഥാനത്തിലും ചെറുത്തു നിൽപിലും ഫലസ്തീനികൾ പ്രദർശിപ്പിച്ച വിശ്വാസം ഉയർന്നതിന്റെ സൂചകമായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിനും ചെറുത്തു നിൽപിനും നേർക്ക്, ഫത്ഹിന്നാൽ നിയന്ത്രിക്കപ്പെട്ട അഥോറിറ്റിയുടെ കുടിപ്പക വർധിച്ചു വരുന്നതിന്റെ സൂചനകളായിരുന്നു ഇസ്മാഈൽ ഹനിയ്യ സർക്കാറിനെ മറിച്ചിടാൻ ഇസ്രായേൽ - അറബ് - ഫലസ്തീൻ - അന്താരാഷ്ട്ര ശ്രമങ്ങളിലൂടെ തെളിഞ്ഞത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളും അവരെ പിന്തുണക്കുന്നവരും തെരഞ്ഞെടുപ്പ് വിജയിക്കുമ്പോൾ മാത്രം ജനാധിപത്യ പ്രക്രിയകളും തെരഞ്ഞെടുപ്പ് വിജയവും അംഗീകരിക്കാത്തവരുടെ ഇരട്ടത്താപ്പാണ് ഇത് വെളിവാക്കിയത്.

തങ്ങൾ തെരഞ്ഞെടുപ്പിൽ വിജയിച്ച ഗസ്സയുടെ നിയന്ത്രണം ഉറപ്പിക്കാൻ 2007 ജൂണിൽ ഫത്ഹുമായി ഹമാസിന് ഏറ്റുമുട്ടേണ്ടി വന്നു. അഥോറിറ്റിയുടെ അധ്യക്ഷ പദവിക്കു കീഴിൽ ഫത്ഹ് വെസ്റ്റ് ബാങ്കിന്റെ ഭരണം കയ്യാളവെ, സമാധാന പദ്ധതികളോടുള്ള തങ്ങളുടെ 'പ്രതിബദ്ധത' മുറുകെപ്പുണർന്നും ചെറുത്തുനിൽപ് പ്രസ്ഥാനങ്ങളെ അടിച്ചമർത്തിയും അവർ മുന്നോട്ടു പോകുമ്പോഴാണീ നീക്കം.

ഇതിനകം നിരവധി അനുരഞ്ജന കരാറുകൾ ഫത്ഹിനും ഹമാസിനുമിടയിൽ ഒപ്പുവെക്കപ്പെട്ടിരുന്നു. അതിൽ ഏറ്റവും സുപ്രധാനമായതായിരുന്നു, 2011 മെയ് മാസത്തിലേത്. (ഇതിനെത്തുടർന്ന് ഒട്ടേ

റെ കരാറുകളും ധാരണകളും വേറെയും ഉടലെടുത്തിരുന്നു). കുടിയേറ്റക്കാരും ചെറുത്തു നിൽപ് പോരാളികളും തമ്മിലുള്ള സംഘർഷങ്ങളും ഫലസ്തീനിയൻ അടിസ്ഥാനങ്ങൾ നിർണയിക്കുന്നതിലുള്ള അഭിപ്രായാന്തരങ്ങളെയും ദേശീയ പ്രവർത്തന പദ്ധതികളെയും ഇടക്കാല ദേശീയ പരിപാടികളെയും ചൊല്ലിയുള്ള തർക്കങ്ങളും കാരണമായി കരാർ പരാജയത്തിൽ കലാശിച്ചു.

ഫത്ഹ് - ഹമാസ് ഭിന്നതകളും മറ്റു ബാഹ്യസ്വാധീനങ്ങളും ഇടപെടലും തുടങ്ങി കാരണങ്ങൾ വേറെയുമുണ്ടായിരുന്നു.

എത്ര തന്നെ തുടച്ചു നീക്കാനും ഇല്ലായ്മ ചെയ്യാനും ശ്രമിച്ചിട്ടും ചെറുത്തു നിൽപ് പ്രസ്ഥാനം 2010 കളിൽ ഫലസ്തീൻ മണ്ണിൽ തങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തുന്നതിൽ വിജയിക്കുകയുണ്ടായി. വീർപ്പുമുട്ടിക്കുന്ന ഉപരോധത്തിലും ഇസ്രായേലിന്റെ മൂന്ന് അധിനിവേശ യുദ്ധങ്ങളിലും (2008/2009, 2012, 2014) ഗസ്സ വീറോടെ പിടിച്ചു നിന്നു. എന്ന് മാത്രമല്ല, ഇസ്രായേലിന്റെ അടിച്ചൊതുക്കലുകൾക്കും ഫലസ്തീൻ അഥോറിറ്റി സുരക്ഷാ സേനയുടെ നിരന്തര വേട്ടയാടലുകൾക്കും മധ്യേ ജറൂസലമിലും അവശിഷ്ട വെസ്റ്റ് ബാങ്കിലും ചെറുത്തു നിൽപ് തുടർന്നു പോരുകയും ചെയ്തു.

# 31

# ഇസ്രായേൽ അസ്തിത്വ ഭീതിയിൽ

എഴുപതിലേറെ വർഷങ്ങൾക്കിടയിൽ, അറബ് - മുസ്‌ലിം ലോകത്തിന്റെ ഹൃദയത്തിൽ  തന്ത്രപരമായ സ്ഥാനം കൈവരിച്ച്, ലോക ജൂതരിൽ വലിയ വിഭാഗത്തെ ഒരുമിപ്പിച്ച് നിർത്തിയ ഇടമായി ഇസ്രായേൽ മാറി. (ലോകത്തെ ജൂതന്മാരിൽ ഏകദേശം 47 ശതമാനം). മേഖലയിലെ മറ്റു സൈന്യങ്ങളെ കവച്ചു നിൽക്കുന്ന മേധാശക്തി; രാഷ്ട്രീയ വ്യവസ്ഥ; മേത്തരം സാമ്പത്തികവും ഉയർന്ന പ്രതിശീർഷ വരുമാനവും; പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളുമായി പോലും താരതമ്യം ചെയ്യത്തക്ക പരിവേഷം; മുച്ചൂടും ശാസ്ത്രീയം; മേഖലയിലെ മറ്റെല്ലാ രാജ്യങ്ങൾക്കും മീതെ നിൽക്കുന്ന സാങ്കേതിക വ്യാവസായിക ശക്തി; ഒരു കൃത്രിമ ദേശാന്തരീയ 'നിയമ സാധുത്വം' മൂടി വെക്കുന്ന, വമ്പൻ ശക്തികളുടെ അഭൂതപൂർവമായ പിന്തുണ - ഇതൊക്കെയാണ് ഇസ്രായേൽ. അറബ് ഭരണകൂടങ്ങളുമായി നയതന്ത്ര ബന്ധം സ്ഥാപിക്കാനും ഇസ്രായേലിന് കഴിഞ്ഞു. സ്വന്തം വികസനതാൽപര്യങ്ങൾക്കനുസൃതമായി സമാധാന പദ്ധതികളെ കൈകാര്യം ചെയ്യുന്നതിലും ഫലസ്തീൻ ദേശീയ പദ്ധതികളെ ചുരുക്കിക്കെട്ടി ദുർബലപ്പെടുത്തുന്നതിലും അവർ വിജയിച്ചു. അതേ സമയം സയണിസ്റ്റ് പദ്ധതികൾ തന്ത്രപരമായ വെല്ലുവിളികളും അസ്തിത്വ ഭീതിയും അഭിമുഖീകരിക്കേണ്ടി വരുന്നത്, അവരിൽ ഉൽക്കണ്ഠയും അസ്ഥിരതാ ബോധവും നിറക്കുന്നു. ഫലസ്തീനികൾ ഭൂമിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ഇപ്പോഴും വിസ്മയാവഹമായ ധീരത പ്രദർശിപ്പിക്കുന്നുണ്ട്.

രണ്ടാമതായി, ഫലസ്തീനിയൻ ചെറുത്തു നിൽപിന്റെ തീക്ഷ്ണയും രൂക്ഷതയും ഇപ്പോൾ ഏറെ വർധിക്കുകയും ഗസ്സ ചെറുത്തു നിൽപിന്റെ കരുത്തുറ്റ കോട്ടയായി മാറുകയും ചെയ്തിരിക്കുന്നു. അവരുടെ ആയുധങ്ങൾ ആധുനീകരിക്കപ്പെടുകയും മിസൈലുകളുടെ സ്വാധീനവ്യാപ്തി ഇസ്രായേലിനെ മുഴുവൻ ഉൾക്കൊള്ളുന്നതുമായി വികസിച്ചു. കൂടെ ഇസ്രായേൽ വിരുദ്ധ പ്രസ്ഥാനം കൂടുതൽ ശക്തിയാർജിച്ചു. മൂന്നാമതായി, ചില സാമ്പ്രദായിക ഭരണകൂടങ്ങളുടെ നിലപാടിനെ അവഗണിച്ചാൽ, തങ്ങളുടെ വിശുദ്ധ ഭൂമി കയ്യേറിയ ഒരു ശത്രു എന്ന നിലയിൽ തന്നെയാണ് അറബ് - മുസ്‌ലിം ജനത ഇപ്പോഴും ഇസ്രായേലിനെ കാണുന്നത്. നാലാമതായി, മതപരവും മതേതരവുമായ പ്രവണതകൾക്കിടയിലെ സംഘർഷം കാരണമായി ഇസ്രായേലിൽ ആഭ്യന്തര പ്രതിസന്ധി ഏറെ വർധിച്ചിട്ടുണ്ട്. കിഴക്കും പടിഞ്ഞാറുമുള്ള ജൂതർ തമ്മിലെ കലഹങ്ങളുടെ ആധിക്യവും അഴിമതിയുടെയും അധഃപതനത്തിന്റെയും വ്യാപനവും മറ്റും അതിനു പുറമെയുള്ള പ്രശ്നങ്ങളാണ്. പെട്ടെന്നോ സാവകാശമോ ഇസ്രായേലിനു മേൽ മേധാവിത്വം പുലർത്തി,അറബ് - മുസ്‌ലിം നേതൃത്വത്തെ വീണ്ടെടുക്കാൻ ഉദ്യമിക്കുന്ന വിപ്ലവ ശക്തികളുടെ ഉയിർപ്പിന് നേരെ, മേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ (അസ്വാസ്ഥ്യജനകമെങ്കിലും) സംഭവിക്കുമ്പോൾ, നേർക്കുനേർ ഇടപെടലിനുള്ള വൻശക്തികളുടെ ആഗ്രഹവും ശേഷിയും തുലോം ദുർബലമാവുകയാണ്.

# 32

# ഫലസ്തീനിലെ ക്രൈസ്തവർ

മുസ്‌ലിങ്ങളെപ്പോലെ അനീതിയും സ്വേച്ഛാധിഷ്ഠിത ക്രൂരതകളും നിഷ്കാസനവുമെല്ലാം ഫലസ്തീനിലെ ക്രൈസ്തവരും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. ബ്രിട്ടീഷ് അധിനിവേശം മുതൽക്കേ അവർ ഫലസ്തീൻ ദേശീയ പ്രസ്ഥാനത്തിൽ പങ്കാളിത്തം വഹിച്ചു. സയണിസ്റ്റ് ഇസ്രായേലീ അധിനിവേശമുഖത്ത് അവർ, ഐക്യദാർഢ്യത്തിന്റെ മാതൃക തീർത്തു. ദേശീയ ഐക്യത്തെ പ്രതിനിധീകരിച്ചു. ഫലസ്തീന്റെ അറബി സ്വത്വം സംരക്ഷിക്കുന്നതിൽ വാക്കാലും തൂലികയാലും കായികമായും അവർ നിലക്കൊണ്ടു. ദേശത്തോടുള്ള സാംസ്കാരിക ആഭിമുഖ്യം അസ്തിത്വവും, ഭാഷയും പൈതൃകവും വഴി അവർ ഊട്ടിയുറപ്പിച്ചു.

# 33
# ഇസ്‌ലാമും ദേശീയതയും

സ്വന്തം രാജ്യത്തെ സ്നേഹിക്കലും അതിന്റെ ഭൂമിയെയും ജനതയെയും വിശുദ്ധ കേന്ദ്രങ്ങളെയും പ്രതിരോധിക്കലും മതപരമായ ബാധ്യത എന്നതോടൊപ്പം മാനവിക ധർമം കൂടിയാണ്. എന്നാൽ വികാരങ്ങളുടെയും മനുഷ്യരോടും കുടുംബത്തോടുമുള്ള സ്നേഹത്തിന്റെയും പ്രകടന രൂപങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാകാത്തേടത്തോളവും മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കാത്തേടത്തോളവും ഒരു സ്വാഭാവിക പ്രവർത്തന രീതിയാണ്.

ദേശീയ–അറബ് –ഇസ്‌ലാമിക – മാനവിക തലങ്ങളിലഖിലം ഫലസ്തീനു വേണ്ടിയുള്ള പ്രവർത്തനം ഏകോപിതവും കേന്ദ്രീകൃതവും സ്വരച്ചേർച്ചയുള്ളതുമായിരിക്കണം; ഒരിക്കലും പരസ്പര സംഘർഷാത്മകമായിക്കൂടാ.

മറ്റൊരു ഭാഷയിൽ, സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും നാഗരിക വികസനം കൈവരിക്കാനും ഒരു മുസ്‌ലിം രാഷ്ട്രം കെട്ടിപ്പടുക്കാനും അറബ് –ഇസ്‌ലാമിക ഐക്യത്തിനും ഫലസ്തീനെ മോചിപ്പിക്കാനുമെല്ലാമുള്ള അധ്വാന പരിശ്രമങ്ങൾ, പരസ്പരം വൈരുധ്യങ്ങളില്ലാതെ ചേർന്നു പോകുന്ന ഏകീകൃത പ്രവർത്തനങ്ങൾ തന്നെയായിരിക്കണം.

# 34
# ഇസ്‌ലാമും സമാധാനവും ഫലസ്തീനും

ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. ഇസ്‌ലാമിക അധ്യാപന പ്രകാരം അല്ലാഹു, സമാധാനത്തിന്റെ പ്രതീകവും. മുസ്‌ലിം അഭിവാദന രീതിയിൽ ഉള്ളടങ്ങിയിട്ടുള്ളത് ആ സമാധാനം തന്നെയാണ്. സ്വർഗം സമാധാന ഗേഹമാണ്. മുസ്‌ലിംകൾക്കും ഇതരർക്കുമിടയിലെ ബന്ധം, മത സഹിഷ്ണുതയുടേതും സ്നേഹത്തിന്റേതും സംഭാഷണങ്ങൾ സാധ്യമാവുന്ന തരത്തിൽ, സമാധാനപൂർണമായ സഹവർത്തിത്വത്തിന്റേതുമാകണം.

ഇസ്‌ലാം 'ഭീകരത'ക്കും നിരപരാധികളെ കൊല്ലുന്നതിനും എതിരാണ്. അതേ സമയം ഇസ്‌ലാം സത്യത്തിന്റെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും ദർശനവുമാണ്. മതത്തിന്റെ പേരിൽ അടിച്ചമർത്തുന്നതും അടിച്ചമർത്തപ്പെടുന്നതും അപമാനിക്കപ്പെടുന്നതുമെല്ലാം അതിന്റെ അനുയായികൾ അംഗീകരിക്കുന്നില്ല. തങ്ങളുടെ അന്തസ്സും ഭൂമിയും വിശുദ്ധ കേന്ദ്രങ്ങളും സംരക്ഷിക്കാൻ കഴിവിന്റെ പരമാവധി അധ്വാനം വ്യയം ചെയ്യാൻ മുസ്‌ലിംകൾ സന്നദ്ധരാണ്.

സ്വന്തം ജനതയെ അടിച്ചമർത്തിയും അവരുടെ അവകാശങ്ങൾ കവർന്നും സ്വന്തം ഭൂമിയിൽ നിന്ന് അവരെ കുടിയിറക്കിയും രൂപപ്പെട്ട് വരുന്ന, ഫലസ്തീനിലെ 'സമാധാനം' എന്നത് നിലനിൽക്കുന്ന ഒന്നല്ല. പീഡിതരായ ഒരു ജനതയുടെ മേൽ സ്വേച്ഛാപ്രമത്തതയുടെ പ്രയോഗരീതികൾ നടപ്പിലാക്കുമ്പോൾ അത് ഒരു വേള താൽക്കാലിക 'ഒത്തുതീർപ്പി'ലേക്ക് നയിച്ചെന്ന് വരാം. എന്നാൽ ഒരിക്കലും

അത് സമാധാനം സാക്ഷാൽക്കരിക്കാൻ ഉതകില്ല. ഫലസ്തീന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടം മാനവിക ബോധമുള്ള ഏതൊരാളുടെയും ബാധ്യതയും അയാൾക്കുള്ള ആദരവും അയാളുടെ നെഞ്ചിൽ തൂങ്ങുന്ന മെഡലുമാണ്. എന്നാൽ, 'ഭീകരത' 'സമാധാനം' തുടങ്ങിയ പദങ്ങളെ വളച്ചൊടിക്കുന്ന, ശക്തരും കുടില ബുദ്ധികളുമായ, സയണിസ്റ്റ് അനുകൂല പടിഞ്ഞാറൻ മീഡിയക്ക് ഇതൊന്നും മനസ്സിലാവില്ലെന്ന് മാത്രം.

# 35
# ജൂതരുടെ സ്ഥാനം

ചരിത്രപരമായി അഹ്‌ലു കിതാബുമായോ (വേദത്തിന്റെ ആളുകൾ – ജൂതരും ക്രൈസ്തവരും) അല്ലെങ്കിൽ, അഹ്‌ലുദ്ദിമ്മ (സംരക്ഷിത ജനങ്ങൾ) യുമായോ ഒക്കെയുള്ള മുസ്‌ലിം ബന്ധമെന്നത്, നീതിയുടെയും ഔദാര്യത്തിന്റെയും മാത്രം അടിസ്ഥാനത്തിലാണ് നിലനിന്നുപോരുന്നത്. മുസ്‌ലിം ഭരണാധികാരത്തിനു കീഴിൽ മതകീയാവകാശങ്ങളും പൗരാവകാശങ്ങളും തുടങ്ങി മുഴു സ്വാതന്ത്ര്യവും അവർ അനുഭവിച്ചിരുന്നു. യൂറോപ്പിൽ 'ജൂത വിചാരണയും' 'ആന്റി സെമിറ്റിസ'വും ഉടലെടുക്കുകയും ശക്തിയാർജിക്കുകയും ചെയ്തു എന്നത് പരമാർഥം. മുസ്‌ലിം ലോകത്തിന് ഈ മുൻ വിധിയിൽ ഒരു പങ്കുമില്ല. യൂറോപ്യൻ മതാന്ധതക്കും തീവ്ര ദേശീയതക്കുമെതിരിൽ ജൂതന്മാർക്ക് സുരക്ഷിത താവളവും അഭയവും നൽകുകയാണ് അവർ ചെയ്തത്. ഫലസ്തീനികളും അറബികളും മുസ്‌ലിംകളുമെല്ലാം സയണിസ്റ്റ് ഭീകരരോട് യുദ്ധം ചെയ്യുന്നത്, അവർ ഫലസ്തീൻ ഭൂമി അധിനിവേശം നടത്തി, അതിലെ ജനങ്ങളെ സ്വന്തം ജന്മനാട്ടിൽ നിന്ന് ആട്ടിപ്പായിച്ച് അവരുടെ വിശുദ്ധ കേന്ദ്രങ്ങൾ ആക്രമണ ലക്ഷ്യങ്ങളാക്കി മാറ്റി എന്ന ലളിത ന്യായത്തിന്മേലാണ്.

അടിച്ചമർത്തപ്പെട്ട ഏതൊരു ജനതയെയും സംബന്ധിച്ചിടത്തോളം തങ്ങളുടെ ഭൂമി കയ്യേറുന്ന അക്രമിക്കൂട്ടങ്ങളെ മതമോ ദേശീയതയോ നോക്കാതെ ചെറുക്കുക എന്നത് സ്വാഭാവികവും നിയമവിധേയവുമായ കാര്യം മാത്രമാണ്.

# 36
# ഫലസ്തീൻ ഉമ്മത്തിന്റെ കേന്ദ്ര വിഷയം

സ്വാതന്ത്ര്യ പ്രശ്നങ്ങളെയും സമുദായ ശത്രുക്കളും സാമ്രാജ്യത്വവുമായുള്ള സംഘർഷങ്ങളെയും ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, ഫലസ്തീൻ, മുസ്‌ലിം സമുദായത്തിന്റെ കേന്ദ്ര വിഷയമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പ്രശ്നത്തിന്റെ മതപരവും നയതന്ത്ര പരവുമായ സ്ഥാനം കൊണ്ട് മാത്രമല്ല അത്. മറുവശത്തുള്ളത്, ആക്രമണോത്സുകതയുടെ, ആഗോള സയണിസ്റ്റ് പദ്ധതിയായതുകൊണ്ടു കൂടിയാണ്. ഉമ്മത്തിനെ ഛിന്നഭിന്നമാക്കാനും അസ്ഥിരപ്പെടുത്താനും അതിന്റെ ഉണർവുകൾ തച്ചുകെടുത്താനും അവർ ഫലസ്തീനെ ഒരു ന്യായമായി സ്വീകരിക്കുന്നു എന്നതുകൊണ്ടുമാണ്.

മറ്റൊരർഥത്തിൽ,ഫലസ്തീൻ പ്രശ്നം ഉമ്മത്തിന്റെ ഏകോപനത്തിനും യോജിപ്പിനുമുള്ള വഴി കൂടിയാണ്. വീക്ഷണ ഭിന്നതകൾ എത്ര തന്നെയുണ്ടെങ്കിലും, സമുദായം അതിന്റെ പേരിൽ ഐക്യപ്പെടുകയും അവരെ പിന്തുണക്കാൻ ഒരുമിച്ചിരിക്കുകയും ചെയ്യാറുണ്ട്.

ഫലസ്തീൻ വിമോചനം മുസ്‌ലിം സമുദായവുമായും അതിന്റെ ഉണർവുമായും കൂട്ടിയിണക്കപ്പെട്ടതായതിനാൽ, സമുദായത്തെ സംബന്ധിച്ചിടത്തോളം നിലപാടിന്റെ അളവുകോലാണത്. ഫലസ്തീനിലെ ചെറുത്തുനിൽപും അത് പ്രസരിപ്പിക്കുന്ന മനോദാർഢ്യത്തിന്റെ മാതൃകയും സമുദായത്തിനും അതിന്റെ ജനതക്കും നിലക്കാത്ത പ്രചോദനവും ആവേശവുമാണ്. ഫലസ്തീനെ ചേർത്ത് പിടിക്കുകയും അതിന്റെ വിമോചനത്തിനായി പണിയെടുക്കുകയും ചെയ്യുന്ന

വർക്ക് ഉമ്മത്തിന്റെ കണ്ണിൽ വിശിഷ്ട സ്ഥാനമുണ്ട്. എന്നാൽ ഫലസ്തീനോടുള്ള നിലപാടിൽ പാളിച്ച പറ്റിയ പരാജിതർ, സമുദായത്തിന്റെയും ലോകത്തിന്റെയും അപ്രീതിക്ക് ശരവ്യമാകാതെ നിർവാഹവുമില്ല.

# 37
# ഫലസ്തീൻ വിമോചനത്തിന്റെ ഇസ്‌ലാമിക പരിപ്രേക്ഷ്യം

വിമോചന പദ്ധതിക്ക് വലിയ ഊന്നലുള്ള ദൈവിക ദർശനമാണ് ഇസ്‌ലാം. ആയതിനാൽ:

1. അല്ലാഹു, അവനിൽ യഥാതഥമായി വിശ്വസിക്കുന്നവർക്ക് വിജയം വാഗ്ദാനം ചെയിതിട്ടുണ്ട്.

2 ഉമ്മത്തിന്റെ പ്രമാണ സംഹിതകളാണ് ഇസ്‌ലാം. പ്രമാണങ്ങൾ പ്രാവർത്തികമാകുമ്പോഴാണ് ഇസ്‌ലാം പുഷ്ക്കലമാവുകയും വിജയം പൂവണിയുകയും ചെയ്യുക.

3. ജനതയെ സമരസജ്ജരാക്കാനും അവരുടെ വിഭവങ്ങൾ സമാഹരിക്കാനുമുള്ള ശക്തിവിശേഷം ഇസ്‌ലാമിനുണ്ട്.

4. ഫലസ്തീൻ പ്രശ്നത്തിലെ ഇസ്‌ലാമിക പരിഹാരത്തിന്റെ, ചരിത്ര സാക്ഷ്യം ഇന്നലെകളിൽ നമുക്ക് ലഭ്യമായിട്ടുണ്ട്. (ഖുദ്സ് ജയിച്ചടക്കുകയും കുരിശു യോദ്ധാക്കളിൽ നിന്നും താർത്താരികളിൽ നിന്നും അത് മോചിപ്പിക്കുകയും ചെയ്ത വേളയിൽ). ആധുനികവും സമകാലികവുമായ ചരിത്രമാകട്ടെ, ഇതര ദർശനങ്ങളുടെ പരാജയം തെളിയിച്ചു കാട്ടിയതും ചിന്തനീയമാണ്.

ഇസ്‌ലാമിക പരിഹാരം ഒരിക്കലും ന്യൂനപക്ഷങ്ങളെ അനീതിയിലേക്കോ പാർശ്വവൽക്കരണത്തിലേക്കോ തള്ളിവിടുന്ന ഒന്നല്ല. പകരം തുറസ്സ് പ്രദാനം ചെയ്യുന്നതും വിശാല സമീപന രീതി കൊണ്ട് സവിശേഷവുമായ നാഗരിക പദ്ധതിയാണത്. സത്യസന്ധമായ നിലപാടും കടപ്പാടും പുലർത്തുന്ന, വിമോചന ആശയത്തോട് ചേർന്ന് നിന്ന് സം

ഭാവനകളർപ്പിക്കാൻ തൽപരരായ എല്ലാ വിഭാഗങ്ങളെയും ഗ്രൂപ്പുകളെയും ഉൾകൊള്ളാൻ അത് സന്നദ്ധവുമാണ്.

ഫലസ്തീൻ പ്രശ്നത്തിന്റെ ഇസ്‌ലാമിക പരിഹാര വഴിയിൽ നാഴികക്കല്ലുകളാവേണ്ട ചില സുപ്രധാന സംഗതികൾ ഇവയാണ്:

1. ഇസ്‌ലാമിക തത്ത്വസംഹിതയും സ്വഭാവരീതികളും അതിന്റെ ജീവിത ദർശനവും മുറുകെപ്പിടിക്കുക. പ്രപഞ്ച സ്രഷ്ടാവ് അവതരിപ്പിച്ച പ്രകാരം പ്രമാണബദ്ധമായി പ്രവർത്തിക്കുക.

2. സയണിസ്റ്റ് പദ്ധതിയെ നേരിടാനും പരാജയപ്പെടുത്താനും കെൽപ്പുറ്റ, ആത്മാർഥതയും യോഗ്യതയുമുള്ള നേതൃത്വം അനിവാര്യമായും ഉണ്ടാവുക.

3. ഓരോ മുസ്‌ലിം വ്യക്തിയുടെയും ബാധ്യതയെന്ന നിലയിൽ മാത്രമല്ല, ധർമത്തിന്റെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണവും വീണ്ടെടുപ്പും കൊതിക്കുന്ന ഏതൊരു മനുഷ്യന്റെയും ഉത്തരവാദിത്വമായി മാറിത്തീരുന്ന തരത്തിൽ ഇസ്രായേലിനെതിരായ പോരാട്ടതലം വികസിപ്പിക്കുക. ഫലസ്തീനി – അറബ് വൃത്തങ്ങളിൽ മാത്രം ഈ പോരാട്ടം പരിമിതപ്പെട്ടു കൂടാ. കാരണം, ഫലസ്തീൻ വിമോചനം ഓരോ മുസ്‌ലിമിന്റെയും വ്യക്തിഗത ബാധ്യതയായിക്കഴിഞ്ഞതാണ്. സയണിസ്റ്റ് പദ്ധതിയാകട്ടെ, ആഗോള തലത്തിൽ വ്യവസ്ഥാപിതമായി നടപ്പാക്കി വരുന്ന ഒന്നാണ്. അതിനാൽ സയണിസ്റ്റ് വിരുദ്ധ പോരാട്ടവും അതേ നിലവാരത്തിൽ ഉയർന്നു വരണം.

4. ഫലസ്തീൻ ജനതയെ ശക്തമായി പിന്തുണക്കുകയും സാധ്യമായ എല്ലാ അർഥങ്ങളിലുമുള്ള സഹായങ്ങൾ നൽകി അവരെ സജ്ജരാക്കുകയും വേണം. ഇസ്‌ലാമിക ഉമ്മത്തിന്റെ പ്രതിരോധ മുന്നണിയിലെ മുൻനിരക്കാരായ വിഭാഗമാണവർ. സ്വന്തം ഭൂമിയിൽ നിലനിൽക്കാനും, പോരാട്ടത്തിലും ചെറുത്തു നിൽപിലും നൈരന്തര്യം പുലർത്താനും, ലോകത്തിന്റെ സഹായം അവർക്ക് അനിവാര്യമാണ്.

5. ഫലസ്തീന്റെ നയതന്ത്ര ഭൂമികയിൽ സമൂല മാറ്റത്തിന്റെയും സക്രിയ രാഷ്ട്രീയത്തിന്റെയും സാമ്പത്തിക ശാസ്ത്രീയ പുരോഗതിയുടെയും ഐക്യത്തിന്റെയും വഴിവെട്ടും വിധം, ഒരു നാഗരിക നവോത്ഥാനത്തിനു വേണ്ടി പരിശ്രമിക്കുക. വിമോചനപ്പോരാട്ടത്തിന്റെ ഭാരം താങ്ങാനും ശക്തി സംഭരിച്ച് ലോകത്തെ നയിക്കാനും അത് മുഖേന മുസ്‌ലിം ഉമ്മത്ത് പ്രാപ്തമാവും.

# 38

# ഫലസ്തീൻ പ്രശ്നത്തിന്റെ മാനുഷിക അകലം

മനുഷ്യാവകാശം ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നവരുടെ പൂമുഖത്തെ അടിച്ചമർത്തപ്പെട്ടവന്റെ ദീന വിലാപത്തെയാണ് ഫലസ്തീൻ പ്രതിനിധീകരിക്കുന്നത്. 'പുതു ആഗോള ക്രമ'ത്തിന്റെ ഇരട്ട നിലപാടും കുടില രീതികളുമാണ് ഇത് വെളിപ്പെടുത്തുന്നത്. അതിന്റെ 'നാഗരികത'യുടെ കാപട്യത്തെയാണ് പരിഹസിക്കുന്നത്. മുസ്‌ലിം ഹൃദയ ഭൂമിയിലെ ഇസ്രായേൽ സാന്നിധ്യവും കൂട്ട നശീകരണത്തിനു വേണ്ടിയുള്ള അവരുടെ സായുധ പടയൊരുക്കവും അതിന് അമേരിക്കയുടെയും പടിഞ്ഞാറിന്റെയും അറ്റമില്ലാത്ത പിന്തുണയുമെല്ലാം ലോക സമാധാനത്തിന് ഭീഷണിയായി, പൊട്ടിത്തെറിക്കാൻ അവസരം പാർത്തു നിൽക്കുന്ന അഗ്നിസ്ഫുലിംഗത്തിന്റെ സാന്നിധ്യമായി അവശേഷിക്കും.

പരമ്പരാഗത പടിഞ്ഞാറൻ യൂറോപ്യൻ കൊളോണിയലിസത്തിന്റെ അവശേഷിക്കുന്ന അവസാനത്തെ സൈനിക കാവൽപുരയാണ് സയണിസ്റ്റ് പ്രസ്ഥാനവും ഫലസ്തീൻ അധിനിവേശവും. ഫലസ്തീനിൽ നിന്ന് എത്രയും പെട്ടെന്ന് കുടിയൊഴിഞ്ഞു പോവുകയല്ലാതെ, ലോകത്തിന്റെ മുഴുഭാഗങ്ങളിൽ നിന്നും വെട്ടിമാറ്റപ്പെട്ട സാമ്രാജ്യത്വത്തിന് മുമ്പിൽ മറ്റു മാർഗങ്ങൾ അവശേഷിക്കുന്നില്ല. എല്ലാ രാഷ്ട്രങ്ങളും ജനതകളും പങ്കുവഹിക്കേണ്ട മാനുഷികവും നാഗരികവുമായ അനിവാര്യ ദൗത്യമാണ്, അധിനിവിഷ്ട ഫലസ്തീന്റെ വിമോചനമെന്നത്.

# 39

# ഇസ്രായേൽ സന്തതികളുടെ 'ഉയർച്ച'

ഇസ്രായേൽ മക്കളുടെ 'ഉയർച്ച'യെയും വളർച്ചയെയും കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു നമ്മെ അറിയിക്കുകയും രണ്ട് തവണ അത് സംഭവിക്കുമെന്ന് ഓർമിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ 'ഉയർച്ച'[5] സമകാലിക ലോകത്തെ ഒരു യാഥാർഥ്യമായി നമ്മുടെ മുമ്പാകെയുണ്ട്. സയണിസ്റ്റ് രാഷ്ട്രത്തിന്റെ (ഇസ്രായേൽ) സാന്നിധ്യവും ജൂത സയണിസ്റ്റുകളുടെ സ്വാധീനവും ലോകത്തിന്റെ നയരൂപീകരണവൃത്തങ്ങളിലും രാഷ്ട്രീയം, സാമ്പത്തികം, മീഡിയ തുടങ്ങി സർവതലങ്ങളിലും വിശിഷ്യാ, അമേരിക്കയിൽ ഇന്നേറെ പ്രകടവുമാണ്. എന്തു തന്നെയായാലും 'ആന്റി സെമിറ്റിക്' അജണ്ടയിൽ നിന്നോ വിദ്വേഷ പ്രചാരണ മോഹത്തിൽ നിന്നോ നാം തരിമ്പും പ്രചോദനം ഉൾക്കൊ

*5 വി.ഖുർആൻ അധ്യായം 'ഇസ്രാഇ'ന്റെ തുടക്കത്തിൽ (4–7 സൂക്തങ്ങൾ) ഇത് പരാമർശിക്കുന്നു. നിലവിൽ ഇന്ന് കാണുന്ന ഈ 'ഉയർച്ച' രണ്ടാമത്തേതാണെന്ന് അഭിപ്രായമുള്ള നിരവധി പണ്ഡിതന്മാരുണ്ട്. എന്നാൽ അതിന്റെ കരുത്തും വ്യാപ്തിയും സ്വാധീനവും കണക്കിലെടുക്കുമ്പോൾ ഇത് ഒന്നാമത്തേതാണെന്ന് കരുതാൻ പര്യാപ്തമായ തെളിവുകളും സൂചനകളും ഒട്ടനവധിയുണ്ടെന്നാണ് ഗ്രന്ഥകർത്താവിന്റെ പക്ഷം. മാത്രവുമല്ല ദാവൂദ്(അ), സുലൈമാൻ(അ) പ്രവാചകന്മാരുടെ കാലത്തെ -'ഉയർച്ച' എന്നത്, നവീകരണ ദൗത്യത്തിന്റെ ഭാഗമായിരുന്നു; അഴിമതിയുടേതായിരുന്നില്ല. അതിനു ശേഷമവർക്ക് പ്രാദേശിക തലത്തിലോ അന്തർദേശീയ മണ്ഡലത്തിലോ, ക്രിയാത്മക ചരിത്രത്തിൽ പറയത്തക്ക യാതൊരു സ്വാധീനമോ കാര്യങ്ങൾ നിയന്ത്രിക്കുന്നതിൽ പങ്കോ ഉണ്ടായിരുന്നുമില്ല. 2001ൽ തന്നെ ഈ അഭിപ്രായം രചയിതാവ് പ്രകാശിപ്പിച്ചിട്ടുള്ളതാണ്. ഡോ. ഉമർ അശ്കർ, ഡോ. ത്വാരിഖ് സുവൈദാൻ തുടങ്ങി നിരവധി പണ്ഡിതന്മാർ ഈ അഭിപ്രായം പങ്കുവെക്കുന്നവരായുണ്ട്. ഒന്നാമത്തെ 'ഉയർച്ച'ക്കും രണ്ടാമത്തേതിനും ഇടയിലുള്ള കാലയളവ് ആനുപാതികമായി ചെറുതായിരിക്കുമെന്ന് ഡോ. ഉമർ അശ്കർ നിരീക്ഷിക്കുന്നുണ്ട്.*

ണ്ടിട്ടില്ല. എന്നു മാത്രമല്ല നാഗരിക പുരോഗതിയും മേധാവിത്വവും അഭിലഷണീയവും അനുഗൃഹീതവുമായിത്തീരുകയും ചെയ്യും - മനുഷ്യകുലത്തിന്റെ ഐശ്വര്യ സമൃദ്ധിക്കും ക്ഷേമാഭിവൃദ്ധിക്കും വേണ്ടി അത് ഉപയോഗിക്കുമ്പോൾ.

അതേ സമയം, ഈ പെരുമയും 'പ്രതാപ'വും പൊലിപ്പിച്ചും പർവതീകരിച്ചും അവതരിപ്പിക്കപ്പെടുകയും ചെയ്യാവതല്ല. ഏതൊരു ചെറുതും വലുതുമായ കാര്യങ്ങൾക്കു പുറകിലും സയണിസ്റ്റുകളുടെ കയ്യുണ്ടെന്ന് തട്ടിവിടും മട്ടിൽ അവരെ അതിമാനുഷരായും ദൈവത്തിന്റെ സവിശേഷ ഭാഗധേയം നൽകപ്പെട്ടവരായും ചിത്രീകരിക്കുന്നത് തികഞ്ഞ അബദ്ധമാണ്. ദൈവത്തിന്റെ സാധാരണ സൃഷ്ടികൾ മാത്രമാണ്, അവരും. അധികാരത്തിലും ഭാഗധേയത്തിലുമുള്ള മാറ്റങ്ങളുൾപ്പെടെ പ്രപഞ്ചത്തിലെ സകല നിയമങ്ങളും അവർക്കും ബാധകമാണ്.

ആഗോള ശക്തികളുടെ പിന്തുണയാലും അവരുടെ തന്നെ കഠിനാധ്വാനത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഫലമായും സംഘാടനമേൽക്കൈ കൊണ്ടും അവർ വിജയിക്കുന്നുണ്ടാവാം. എന്നാൽ, തങ്ങളുടെ ചരിത്രത്തിൽ അവർ കനത്ത പരീക്ഷണങ്ങളെയും ദുരന്തങ്ങളെയും അഭിമുഖീകരിച്ചവരുമാണ്. ഇതെല്ലാം മുസ്‌ലിം സമൂഹത്തിന് തങ്ങളുടെ വെല്ലുവിളികൾ യഥോചിതം നേരിടാനും നാഗരിക നവോത്ഥാനത്തിനും ഭൂമിയിലെ പ്രാതിനിധ്യത്തിനുമുള്ള ഉപാധികൾ പൂർത്തീകരിക്കാനും പ്രചോദനമായി വർത്തിക്കുകയാണ് വേണ്ടത്.

# 40

# ജൂത സയണിസ്റ്റ് പ്രൊജക്റ്റിന്റെ പരാജയം

ഫലസ്തീനിലെ ജൂത സയണിസ്റ്റ് പദ്ധതിയുടെ പരാജയം സാധ്യമാണെന്ന് മാത്രമല്ല, സുനിശ്ചിത സത്യം കൂടിയാണ്. ഇത് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകനും അത് നൽകുകയുണ്ടായി. മാത്രവുമല്ല, പ്രപഞ്ചത്തിലെ നിയമങ്ങളും ചരിത്രവും നമ്മോട് പറയുന്നത്, അനീതി കാലാകാലം നിലനിൽക്കില്ലെന്ന സത്യമാണ്. സ്വേച്ഛാധിപതികൾ പരാജയപ്പെടുത്തപ്പെടുമെന്നത് ദൃഢ യാഥാർഥ്യമാണ്. മുസ്‌ലിം സമുദായം ദൈവത്തിന് പൂർണമായി വിധേയപ്പെടുകയും ഒറ്റക്കെട്ടായി മാറുകയും കരുത്തും വൈശിഷ്ട്യവും വീണ്ടെടുക്കുകയും ചെയ്യേണ്ടത് എത്രയും അനിവാര്യമാണ്. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ തീരുമാനം സംഭവിക്കുകയും വിജയവും വിമോചനവും നടപ്പാവുകയും ചെയ്യുകയുള്ളൂ.

ഫലസ്തീൻ പ്രശ്നത്തിന്റെ അടിസ്ഥാന വസ്തുതകളിലൂന്നി, സ്ഥിതിവിവരക്കണക്കുകൾ നിരത്തി നൈതിക വ്യാവഹാരികതയുടെ പരിപ്രേക്ഷ്യത്തിൽ രചിച്ച കൃതി. അറബി ഭാഷയിൽ അനേകം രാജ്യങ്ങളിലായി എണ്ണമറ്റ പതിപ്പുകൾ പ്രസിദ്ധീകരിക്കുകയും പതിനഞ്ചോളം ലോക ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയും ചെയ്ത പുസ്തകത്തിന്റെ മലയാള ഭാഷാന്തരമാണിത്. പ്രഗത്ഭ അറബ് പണ്ഡിതനും ഗ്രന്ഥകാരനുമായ മർഹൂം ഡോ. മുഹമ്മദ് ഇമാറ: പ്രഥമ പതിപ്പിന്റെ അവതാരികയിൽ 'അമൂല്യം; അതീവ സംക്ഷിപ്തം' എന്ന് ഈ കൊച്ചു പുസ്തകത്തെ വിശേഷിപ്പിക്കുന്നു.

# ഫലസ്തീൻ പ്രശ്നം

## മൗലിക വസ്തുതകൾ

ഡോ. മുഹ്സിൻ മുഹമ്മദ് സ്വാലിഹ്




വിവർത്തനം

ഫസ്‌ലുർറഹ്‌മാൻ കൊടുവള്ളി

വചനം ബുക്സ്
മാവൂർ റോഡ്, കോഴിക്കോട് 4

PH. 0495 2722424
9946343424, 8714403424
www.vachanambooks.com

9788197095665

₹120